പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 91 — 25/06/2009-ൽ മറുപടിക്ക്

## സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി

**ചോദ്യം**

ശ്രീ. കെ.സി. കുഞ്ഞിരാമൻ :
ശ്രീ.പി.പി. അബ്ദുള്ളക്കുട്ടി :
ശ്രീമതി. പി. അയിഷാ പോറ്റി :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. ടി.പി. കുഞ്ഞുണ്ണി :

**ഉത്തരം**

ശ്രീ. എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി മെച്ചപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | എ) | ഉണ്ട്. കൂടുതൽ മെച്ചപ്പെട്ടതും ഉയർന്ന ഗുണനിലവാരമുള്ളതുമായ ഉച്ചഭക്ഷണം നൽകുന്നതിന് പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു. പദ്ധതിയുടെ ഭാഗമായി 100 കേന്ദ്രീകൃത അടുക്കളകൾ സ്ഥാപിക്കുന്ന കാര്യം ആലോചിച്ചു വരുന്നു. |
| ബി) | ഉച്ചഭക്ഷണം വിഭവ സമൃദ്ധമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | ബി) | നടപടി എടുത്തു വരുന്നു. |
| സി) | ഉച്ചഭക്ഷണം കൂടാതെ പ്രഭാതഭക്ഷണവും നൽകുന്ന പദ്ധതി എവിടെ എല്ലാം നടപ്പാക്കിയിട്ടുണ്ട് ; | സി) | പ്രഭാതഭക്ഷണ പരിപാടി വിദ്യാഭ്യാസ വകുപ്പ് നേരിട്ട് നടത്തുന്നില്ല. തിരുവനന്തപുരം കോർപ്പറേഷൻ അതിന്റെ പരിധിയിലുള്ള സർക്കാർ സ്കൂളുകളിലും തീരദേശത്തെ എയ്ഡഡ് സ്കൂളുകളിലും ഈ വർഷം മുതൽ പ്രഭാത ഭക്ഷണ പരിപാടി നടപ്പാക്കിയിട്ടുണ്ട്. വയനാട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ 277 സ്കൂളുകളിലെ 28381 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകി വരുന്നു. |
| ഡി) | ഉച്ചഭക്ഷണ പദ്ധതിയുടെ ചെലവ് എത്രയാണ് ; കേന്ദ്രസഹായമായി എന്തു തുക ലഭിക്കുന്നുണ്ട് ; | ഡി) | ഉച്ചഭക്ഷണ പരിപാടിക്കായി 2008-2009-ൽ സംസ്ഥാന പദ്ധതി വിഹിതം143.41 കോടി രൂപയായിരുന്നു. ഇതിൽ കേന്ദ്ര വിഹിതം 112 കോടി രൂപ വരും . 2008-2009 വർഷം ആകെ ചെലവായത് 114.97 കോടി രൂപയായിരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.92 25.6.09-ൽ മറുപടിക്ക്

**ദേശീയപാത വികസന പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സി.എം.ദിനേശ് മണി :**<br>**ശ്രീ. ആനത്തലവട്ടം ആനന്ദൻ :**<br>**ശ്രീ. എ.എം.ആരിഫ് :**<br>**ശ്രീ. ബി.ഡി.ദേവസ്സി :**<br>**ശ്രീ. എ.പ്രദീപ് കുമാർ :** | **ശ്രീ.മോൻസ് ജോസഫ്**<br>**(മരാമത്ത് വകുപ്പുമന്ത്രി)** |
| (എ) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത് എന്നും പദ്ധതികൾക്കായി മൊത്തം എത്ര കോടി രൂപയ്ക്കാണ് അംഗീകാരം ലഭിച്ചിട്ടുളളത് എന്നും വ്യക്തമാക്കുമോ ; | (എ) ദേശീയപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എൻ.എച്ച് 47ഉം, എൻ.എച്ച് 17ഉം മുഴുവൻ നീളത്തിൽ നാലുവരി/ആറുവരി പാതയാക്കി മാറ്റുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ദേശീയപാത വികസന പദ്ധതിയ്ക്കായി സ്ഥലമെടുപ്പുൾപ്പെടെ 11289 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. സ്ഥലമെടുപ്പ് പുരോഗതിക്കുന്നതനുസരിച്ച് ചെലവിൽ വർദ്ധന വരുവാൻ സാധ്യതയുണ്ട്. |
| (ബി) പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുളള നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ ; | (ബി) പദ്ധതി നടപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് ഒപ്പിട്ടിട്ടുണ്ട്. ഇതുപ്രകാരം ബി.ഒ.ടി അടിസ്ഥാനത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ആണ് ദേശീയപാത വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. |
| (സി) ദേശീയപാത വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ത്വരിതപ്പെടുത്തുവാൻ നടപടി കൈക്കൊളളുമോ ; | (സി) ദേശീയപാത വികസനത്തിന് സ്ഥലമെടുപ്പ് ത്വരിതപ്പെടുത്തുവാനുളള നടപടിയുടെ ഭാഗമായി 16 ലാന്റ് അക്വിസിഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി 6.6.09-ലെ ജി.ഒ.(എം.എസ്) 210/2009/റവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾ എന്തെല്ലാമാണ് എന്ന് അറിയിക്കാമോ ; | (ഡി) | ദേശീയപാത വികസനവുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു.<br>പണി നിശ്ചിത സമയത്ത് പൂർത്തിയാക്കുന്നതിനായി സംസ്ഥാന സർക്കാർ, ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ്. പ്രവൃത്തിക്ക് ആവശ്യമായ സ്ഥലം, വൈദ്യുതി, വാർത്താവിനിമയം, വാട്ടർ സപ്ലൈ എന്നിത്യാദി തടസ്സങ്ങളൊന്നുമില്ലാതെ ലഭ്യമാക്കേണ്ടതാണ്. പദ്ധതിക്കാവശ്യമായ സ്ഥലത്തിന്റെ 80 ശതമാനമെങ്കിലും ബാധ്യതകളൊന്നുമില്ലാതെ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.<br>എഗ്രിമെന്റ് പ്രകാരം പ്രവൃത്തി നടപ്പാക്കുന്നതിന് മുനിസിപ്പാലിറ്റികളിൽ നിന്നും പഞ്ചായത്തുകളിൽ നിന്നും ആവശ്യമായ അനുമതി നിശ്ചിത സമയത്തിനകം ലഭ്യമാക്കേണ്ടതാണ്. നിശ്ചിത റോഡിന് സമാന്തരമായി നികുതി പിരിക്കുവാൻ സാധ്യതയുള്ള മറ്റു റോഡുകൾ പണിയുന്ന പക്ഷം തൻമൂലമുണ്ടായേക്കാവുന്ന നഷ്ടം വ്യവസ്ഥാനുസൃതമായി സംസ്ഥാന സർക്കാർ നൽകേണ്ടതാണ്. |
| (ഇ) | പദ്ധതിയിൽ സ്വകാര്യ പങ്കാളിത്തം എത്രത്തോളം അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (ഇ) | പോർട്ട് കണക്റ്റിവിറ്റിയിലുൾപ്പെട്ട പദ്ധതികൾ ഒഴികെ എല്ലാ പദ്ധതികളും സ്വകാര്യ പങ്കാളിത്തത്തോടെയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട | 25.6.09 ൽ മറുപടിയ്ക്ക്

ചോദ്യം നം: 93

<u>നെല്ലുത്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി.കെ. സദാശിവൻ | : | ശ്രീ. മുല്ലക്കര രത്നാകരൻ |
| ശ്രീ. എം. ചന്ദ്രൻ | : | (കൃഷി വകുപ്പ് മന്ത്രി) |
| ശ്രീ. പി. കൃഷ്ണപ്രസാദ് | : | |
| ശ്രീ. സി.കെ. പി. പത്മനാഭൻ | : | |
| ശ്രീ. മുരളി പെരുനെല്ലി | : | |

(എ) നെല്ലുത്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ) ഗ്രൂപ്പ് ഫാമിംഗ് പദ്ധതിയിൽ ഹെക്ടറിന് 1500 രൂപ ധനസഹായം നല്കി, ഇത് 143000 ഹെക്ടറിൽ നട പ്പാക്കും. നെൽകൃഷി വികസന ഏജൻസികൾക്കുള്ള ധനസഹായം, നെൽകൃഷി വികസന പദ്ധതികൾ, തരിശ്ഭൂമി കൃഷി മുതലായവ നടപ്പാക്കുന്നതിനായി 150 ലക്ഷം രൂപ നല്കുന്നു.

നെൽകർഷക്ക് ഗ്രീൻ കാർഡ് പദ്ധതിയ്ക്കായി 5 ലക്ഷം രൂപ വിനിയോഗിക്കുന്നു,

സംസ്ഥാന ഭക്ഷ്യ സുരക്ഷാ പരിപാടിയിൻകീഴിൽ 36 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

ഭക്ഷ്യ സുരക്ഷാ പരിപാടിയിൽ ഉൾപ്പെട്ട കരനെൽകൃഷി പദ്ധതിയിൽ ഹെക്ടർ ഒന്നിന് 5000 രൂപ നിരക്കിൽ ധനസഹായം നല്കി ഇത് 1000 ഹെക്ടറിൽ നടപ്പാക്കാൻ നടപടികൾ എടുത്തു.

കേന്ദ്ര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 778.25 ലക്ഷം രൂപയുടെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

നെൽകർഷകർക്ക് ഉല്പാദന ബോണസ് നല്കുന്നതിന് 9.407 കോടി രൂപയും നെല്ലുൾപ്പെടെയുള്ള കാർഷിക വിളകൾക്ക് വൈദ്യുതി സൗജന്യം നൽകുന്നതിന് 22 കോടി രൂപയും ചെലവിടുന്നു.

ബി). കഴിഞ്ഞ വർഷം എത്ര ഏക്കർ സ്ഥലത്ത് പുതുതായി നെൽകൃഷി ചെയ്യു ; എത്ര ടൺ നെല്ല് കൂടുതലായി ഉത്പാദിപ്പിച്ചു ;

(ബി). 13205 ഹെക്ടർ തരിശിട്ടിരുന്ന നെല്പാടങ്ങൾ വീണ്ടും കൃഷി യോഗ്യമാക്കിയിട്ടുണ്ട്. ഇവയിൽ പലതും മുപ്പതു വർഷത്തോളം തരിശിട്ടിരുന്നവയാണ്. 1.1832 ലക്ഷം ടൺ നെല്ല് അധികമായി ഉല്പാദിപ്പിച്ചു.

(സി). നെൽകൃഷിക്കാർക്ക് എന്തെല്ലാം സഹായങ്ങളും പ്രോത്സാഹനങ്ങളുമാണ് കഴിഞ്ഞവർഷം നൽകിയത് ;

(സി). ഗ്രൂപ്പ് ഫാമിംഗ് പദ്ധതിയിൽ ഹെക്ടറിന് 1500 രൂപയും തരിശ്ഭൂമി കൃഷി പദ്ധതിയിൽ ഹെക്ടറിന് 5000/- രൂപയും ചെറുകിട സംസ്കരണ വിപണന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഹെക്ടറിന് 25000/- രൂപയും നല്കി വരുന്നു.

പ്രദർശന തോട്ടങ്ങൾ സജ്ജമാക്കൽ, മികച്ച നെല്ലിനങ്ങളുടെ പ്രചാരണം എന്നിവക്കായി ഏക്കറിന് 2000/- രൂപയും നൂതന സാങ്കേതിക വിദ്യകൾ നെൽകൃഷി മേഖലയിൽ അവലംബിക്കുന്നതിന് ഏക്കറിന് 1200 /- രൂപയും ഒറ്റ ഞാർ കൃഷിയ്ക്ക് ഹെക്ടറിന് 4000/- രൂപയും നല്കി വരുന്നു. കൂടാതെ കർഷകർക്ക് സംയോജിത കീടരോഗ നിയന്ത്രണത്തിന് പരിശീലനം നല്കുന്നതിന് പരിശീലനം ഒന്നിന് 17000/- രൂപയും സംയോജിത വള പ്രയോഗത്തിന് ഹെക്ടറിന് 750/- രൂപയും വിത്തു പരിചരണത്തിന് 52.5 ലക്ഷം രൂപയും നല്കി വരുന്നു.

വിത്തുല്പാദന പദ്ധതിയ്ക്ക് ഹെക്ടറിന് 4000 രൂപയും, കിലോഗ്രാമിന് 2 രൂപ സബ്സിഡി നിരക്കിൽ അത്യുല്പാദന ശേഷിയുള്ള നെല്ലിനങ്ങൾ പാടശേഖരാടിസ്ഥാനത്തിൽ വിതരണം നടത്തുന്നതിനുമുള്ള സഹായം നല്കി വരുന്നു. പ്രദർശന തോട്ടങ്ങൾ സജ്ജമാക്കൽ, അത്യുല്പാദന ശേഷിയുള്ള നെൽവിത്തിനങ്ങൾ, സങ്കരയിനങ്ങൾ എന്നിവയ്ക്കായി ഏക്കറിന് 2000 രൂപയും സംയോജിത കീട നിയന്ത്രണത്തിന് 103 ലക്ഷം രൂപയും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 99.67 ലക്ഷം രൂപയും സമീപ കാലത്ത് വികസിപ്പിച്ചെടുത്ത നെല്ലിനങ്ങളുടെ

പ്രചാരണത്തിനായുള്ള പദ്ധതിയ്ക്കായി ഏക്കറിന് 2000 രൂപയും നല്കി വരുന്നു. ഇവ കൂടാതെ വിള ഇൻഷ്വറൻസ് പദ്ധതി, നെൽകർഷകർക്കുള്ള പലിശരഹിത വായ്പ, ഹെക്ടറിന് 350 രൂപ നിരക്കിൽ ഉല്പാദന ബോണസ്, പതിനൊന്നു രൂപാ നിരക്കിൽ നെല്ലു സംഭരണം എന്നിവയും നടപ്പാക്കി വരുന്നു. ഇവയിൽ പലതും രാജ്യത്ത് ആദ്യമായി നടപ്പാക്കുന്ന പദ്ധതികളാണ്.

(ഡി). ഈ വർഷം എത്ര ഹെക്ടർ തരിശു ഭൂമികൂടി കൃഷിയോഗ്യമാക്കുമെന്ന് വെളിപ്പെടുത്തുമോ ?

(ഡി). 20,000 ഹെക്ടറിൽ അധികമായി നെൽ കൃഷി ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 94

25-6-2009 ൽ മറുപടിയ്ക്ക്

## കൊച്ചിൻ യൂണിവേഴ്സിറ്റിക്ക് ഐ.ഐ.ഇ.എസ്.ടി പദവി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. അച്ചുതൻ :<br>ശ്രീ. കെ. ബാബു :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: | | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| (എ) | കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജിക്ക് ഐ.ഐ.ഇ. എസ്.ടി പദവി ലഭിക്കുന്നതിനായി യൂണിവേഴ്സിറ്റിയുടെ കെട്ടിടങ്ങളും മറ്റു വസ്തു വകകളും കേന്ദ്ര ഗവൺമെന്റിന് കൈമാറാൻ മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജിക്ക് ഐ.ഐ.ഇ.എസ്.ടി പദവി ലഭിക്കുന്നതിനായി യൂണിവേഴ്സിറ്റിയുടെ എല്ലാ ആസ്തികളും ബാദ്ധ്യതകളും കേന്ദ്ര സർക്കാരിന് കൈമാറി കൊണ്ട് ജി.ഒ (എം.എസ്) നം.15/2008/ ഉ.വി.വ തീയതി 26-2-2008 പ്രകാരം ഉത്തരവായിരുന്നു. |
| (ബി) | ഈ സ്ഥാപനത്തിന് കേന്ദ്രം 530 കോടി രൂപ അനുവദിച്ചുവോ ; | (ബി) | അപ്രകാരമുള്ള ഉത്തരവുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത യൂണിവേഴ്സിറ്റിക്ക് ഐ.ഐ.ഇ.എസ്.ടി പദവി ലഭിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ; | (സി) | ഇല്ല. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആക്ടിൽ ഒരു പ്രത്യേക പട്ടിക കൂട്ടിച്ചേർത്ത് ഐ.ഐ.ഇ.എസ്.ടി.യെ ആക്ടിന്റെ പരിധിയിലാക്കുന്ന നടപടി പൂർത്തിയാക്കാൻ സമയം ആവശ്യമാണെന്ന് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ഡി) | ഇനി ഈ പദവി ലഭിക്കാൻ സാധ്യതയുണ്ടോയെന്ന് വ്യക്തമാക്കാമോ ? | (ഡി) | ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ .95.

25.6.2009- ൽ മറുപടിയ്ക്ക്.

## "ഹോർട്ടികൾച്ചർ മിഷന്റെ പ്രവർത്തനം"

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. അജിത്<br>ശ്രീ.എൻ.അനിരുദ്ധൻ<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ.പള്ളിപ്രം ബാലൻ<br>ശ്രീ.എ.കെ.ചന്ദ്രൻ. | ശ്രീ.മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പച്ചക്കറി, പഴം, പൂകൃഷി എന്നിവയ്ക്ക് എന്തെല്ലാം പദ്ധതികളാണ് ഹോർട്ടികൾച്ചർ മിഷൻ മുഖേന ആവിഷ്ക്കരിച്ചിട്ടുള്ളത് ;<br><br>ഇവ ഏതെല്ലാം ജില്ലകളിൽ ആണ് നടപ്പാക്കാനുദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് പച്ചക്കറി, പഴം, പൂകൃഷി എന്നിവയുടെ പ്രോത്സാഹനത്തിനായി ഹോർട്ടികൾച്ചർ മിഷൻ മുഖേന പച്ചക്കറി വിത്തുല്പാദനം, പഴം, പുഷ്പം എന്നിവയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കൽ, പുഷ്പകൃഷിയുടെ പ്രോത്സാഹനത്തിനായി സംരക്ഷിത കൃഷി എന്നീ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്.<br><br>പച്ചക്കറി വിളകളുടെ അത്യുല്പാദന ശേഷിയുള്ള വിത്ത് ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഹെക്ടറിന് 50,000 രൂപ ധനസഹായം നൽകി വരുന്നു.<br><br>ദീർഘകാല പഴവർഗ്ഗങ്ങളായ മാവ്, നെല്ലി എന്നിവയുടെ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനായി ഹെക്ടറൊന്നിന് 22,500 രൂപ മൂന്ന് വർഷത്തേക്കായി നൽകുന്നതാണ്. ഹ്രസ്വകാല പഴവർഗ്ഗങ്ങളായ വാഴ, കൈതച്ചക്ക എന്നിവയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് 15,000 രൂപ മൂന്ന് വർഷത്തേയ്ക്കായി നൽകുന്നതാണ്.<br><br>കട്ട്ഫ്ളവർ വിഭാഗത്തിൽപ്പെട്ട പുഷ്പങ്ങളുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനായി 1000 ചെടികൾക്ക് 35,000 രൂപ ധനസഹായം നൽകുന്നു. ഹൈടെക് ഗ്രീൻഹൗസുകൾ നിർമ്മിക്കുന്നതിന് ച.മീറ്ററിന് 325 രൂപയും സാധാരണ ഗ്രീൻഹൗസുകൾ നിർമ്മിക്കുന്നതിന് ച.മീറ്ററിന് 125 രൂപയും ധനസഹായം നൽകുന്നു.<br><br>ഈ പദ്ധതികൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതാണ്. |

| | |
|---|---|
| (ബി) ഈ പദ്ധതിയുടെ അടങ്കൽ എത്രയാണ് ; ഇതിനായി കേന്ദ്രത്തിൽ നിന്നും എത്ര സഹായം ലഭിക്കും ; | (ബി) പച്ചക്കറി വിത്തുലാപാദനത്തിനായി 2009 -10 സാമ്പത്തിക വർഷത്തിൽ അടങ്കൽതുക 30 ലക്ഷം രൂപയാണ്. ഇതിന്റെ 85 ശതമാനം കേന്ദ്ര സഹായമായി ലഭിക്കുന്നതാണ്.<br>ദീർഘകാല പഴവർഗ്ഗങ്ങളായ മാവ്, നെല്ലി എന്നിവയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 47.25 ലക്ഷം രൂപയാണ് അടങ്കൽ തുക. ഇതിന്റെ 85 ശതമാനം കേന്ദ്ര സഹായമായി ലഭിക്കുന്നതാണ്.<br>ഹ്രസ്വകാല പഴവർഗ്ഗങ്ങളായ വാഴ, കൈതച്ചക്ക എന്നിവയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 1494 ലക്ഷം രൂപയാണ്. അടങ്കൽ തുക. ഇതിന്റെ 85 ശതമാനം കേന്ദ്രസഹായമായി ലഭിക്കുന്നതാണ്.<br>പുഷ്പ കൃഷിയുടെ വ്യാപനത്തിനായി 105 ലക്ഷം രൂപയാണ്. അടങ്കൽ. ഇതിൽ 89.25 ലക്ഷം രൂപ കേന്ദ്ര സഹായമായി ലഭിക്കുന്നതാണ്.<br>സംരക്ഷിത കൃഷി പ്രാവർത്തികമാക്കുന്നതിന് 24.85 ലക്ഷം രൂപയാണ് അടങ്കൽ തുക. ഇതിൽ 21.12 ലക്ഷം രൂപ കേന്ദ്ര സഹായമായി ലഭിക്കുന്നതാണ്. |
| (സി) ഈ പദ്ധതികൾ മുഖേന കർഷകർക്ക് എന്തെല്ലാം സഹായങ്ങൾ എത്തിച്ചുകൊടുക്കുമെന്ന് വെളിപ്പെടുത്തുമോ? | (സി) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾ കൂടുതലായി കൃഷി ചെയ്യുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി ഗുണമേന്മയേറിയ നടീൽ വസ്തുക്കളുടെ വിതരണം മുതൽ ഉല്പന്നങ്ങളുടെ വിപണനം വരെയുള്ള വിവിധഘട്ട പ്രവർത്തനങ്ങൾക്ക് കർഷകർക്ക് സഹായം നൽകുന്നു.<br>മാവ്, നെല്ലി തുടങ്ങിയ ദീർഘകാല പഴവർഗ്ഗങ്ങളുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനായി ഹെക്ടറൊന്നിന് 22,500 രൂപ മൂന്ന് വർഷത്തേയ്ക്കായി നൽകുന്നതാണ്.<br>വാഴ, കൈതച്ചക്ക എന്നിവയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് 15,000 രൂപ മൂന്ന് വർഷത്തേയ്ക്കായി നൽകുന്നതാണ്. |

കട്ട് ഫ്ളവർ വിഭാഗത്തിൽപെട്ട പുഷ്പങ്ങളുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനായി 1000 ചെടികൾക്ക് 35,000 രൂപ ധനസഹായം നൽകുന്നു.

കയററുമതിയ്ക്കനുയോജ്യമായ പച്ചക്കറി പഴം, പുഷ്പങ്ങൾ എന്നിവയുടെ ഉല്പാദനം ലക്ഷ്യമിട്ടുകൊണ്ട് എറണാകുളം,തൃശ്ശൂർ, പാലക്കാട്, കോട്ടയം., ഇടുക്കി, ആലപ്പുഴ എന്നിവിടങ്ങളിൽ 1254.5 ലക്ഷം രൂപ അടങ്കൽ തുകയുള്ള ഒരു പദ്ധതി ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. പച്ചക്കറി, ഏത്തവാഴ, കൈതച്ചക്ക എന്നിവയ്ക്ക് ഹെക്ടറൊന്നിന് 7,500 രൂപ ധനസഹായം നൽകുന്നു. 30 യൂണിററ് പുഷ്പ കൃഷി ചെയ്യുന്നതിന് യൂണിററൊന്നിന് 35,000 രൂപ വീതം ധനസഹായം നൽകുന്നു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 96

25-06-2009 – ൽ മറുപടിയ്ക്ക്

## ജൈവ കൃഷി പ്രോത്സാഹനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.രാജു<br>ശ്രീ.എൻ.രാജൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.വി.എസ്.സുനിൽ കുമാർ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) ജനിതകമാറ്റം വരുത്തിയ വിത്തുകളെക്കുറിച്ചും മാരക കീടനാശിനികളുടെ വിവേചന രഹിതമായ ഉപയോഗത്തെക്കുറിച്ചും കർഷകരെ ബോധവൽക്കരിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) ഉണ്ട്.<br>ജനിതകമാറ്റം വരുത്തിയ വിത്തുകളുടെ വിപത്തുകളെക്കുറിച്ചും മാരകമായ കീടനാശിനികളുടെ വിവേചനരഹിതമായ അമിത ഉപയോഗം മൂലമുണ്ടാകുന്ന അപകടങ്ങളെക്കുറിച്ചും കർഷകരെ ബോധവാൻമാരാക്കുന്നതിനുള്ള ബൃഹത്തായ ഒരു ബോധവൽക്കരണ പരിപാടി സംസ്ഥാന സർക്കാരും സംസ്ഥാന ജൈവവൈവിധ്യ ബോർഡും കൃഷി വകുപ്പും ചേർന്ന് നടപ്പാക്കുന്നുണ്ട്. ലോക പരിസ്ഥിതി ദിനമായ ജൂൺ 5ന് അതിന് നാന്ദി കുറിച്ചു. ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. |
| (ബി) ജനിതകമാറ്റം വരുത്തിയ കാർഷിക ഉല്പന്നങ്ങൾ ആരോഗ്യത്തെ എങ്ങനെ ബാധിക്കുമെന്നതിനെ സംബന്ധിച്ച പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ പഠനങ്ങൾ നടത്തിയിട്ടില്ല. |

(സി) ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രാമങ്ങളിൽ ചെലവു കുറഞ്ഞ ജൈവ ഉൽപാദനോപാധികളുണ്ടാക്കാൻ എന്തെങ്കിലും പദ്ധതികളുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

(സി) ഉണ്ട്.
ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും മണ്ണിര കമ്പോസ്റ്റ് നിർമ്മാണത്തിനും സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജൈവവള പ്രയോഗം പ്രാവർത്തികമാക്കുന്നതിന് 20 മീറ്റർ X 1.5 മീറ്റർ X 0.75 മീറ്റർ വ്യാപ്തിയുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിന് യൂണിറ്റൊന്നിന് 30,000 രൂപ വരെ സബ്സിഡി നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 97. 25-06-2009 - ൽ മറുപടിക്ക്

## സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ. സി. ജോസഫ്<br>ശ്രീ. എ. പി. അനിൽകുമാർ | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | അംഗീകാരമില്ലാതെ പ്രവർത്തിച്ചു വരുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിലെ അംഗീകാരം ഇല്ലാത്ത സ്കൂളുകൾക്കാണ് ഈ ആനുകൂല്യം നൽകാൻ ഉദ്ദേശിക്കുന്നത്; | (ബി) | കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട് , പാലക്കാട് എന്നി ജില്ലകൾക്കാണ് ഈ ആനുകൂല്യം നൽകുവാൻ ഉദ്ദേശിക്കുന്നത്. മലബാർ മേഖലയിലെ മുസ്ലീം സമുദായത്തിൻെറ വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി പ്രസ്തുത ജില്ലകളിലെ വിദ്യാഭ്യാസപരമായ ആവശ്യമുള്ള സ്ഥലങ്ങൾ കണ്ടെത്തി അങ്ങനെയുള്ള സ്ഥലങ്ങളിൽ സ്കൂൾ നടത്താൻ ആഗ്രഹിക്കുന്നവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ പുതിയ സ്കൂളുകൾക്ക് അംഗീകാരം നൽകാനാണ് തീരുമാനിച്ചിരിക്കുന്നത് |

| | | | |
|---|---|---|---|
| (സി) | അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂൾ അധികൃതർക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുവാൻ ആലോചിച്ചിരുന്നുവോ; വിശദാംശം വെളിപ്പെടുത്തുമോ? | (സി) | അംഗീകാരമില്ലാത്ത സ്കൂളുകളിൽ കുട്ടികളെ തെറ്റിദ്ധരിപ്പിച്ച് ചേർക്കുന്നതിന്റെ പേരിൽ അത്തരം സ്കൂളുകൾക്കെ തിരെ പോലീസിൽ എഫ് . ഐ. ആർ. സമർപ്പിക്കുന്നതിന് 23-05-09 ലെ സ. ഉ. (സാധാ) 1977/09/പൊ.വി. പ്രകാരം ഡി. ഇ. ഒ. മാരെ ചുമതലപ്പെടുത്തി വ്യവസ്ഥ ചെയ്തിരുന്നു. പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുന്ന മേൽ സർക്കാർ ഉത്തരവിന്റെ നാലാമത്തെ ഖണ്ഡിക ബഹു: ഹൈക്കോടതിയുടെ 03-06-09 ലെ ഉത്തരവിൽ സ്റ്റേ ചെയ്തിട്ടുണ്ട്. |

Sd/-

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ **98** — 25/06/2009 ൽ മറുപടിക്ക്

## റീസർവ്വേ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സി. രാജഗോപാലൻ:<br>ശ്രീ. എം. ചന്ദ്രൻ:<br>ശ്രീ. കെ. സി. കുഞ്ഞിരാമൻ:<br>ശ്രീ. എം. കെ. പുരുഷോത്തമൻ:<br>ശ്രീ. എസ്. രാജേന്ദ്രൻ: | ശ്രീ. കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) റീസർവ്വേ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) സംസ്ഥാനത്തിന്റെ റീസർവെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് 'ഭൂമികേരളം'. ഈ പദ്ധതി നടപ്പിലാക്കുന്നതിന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയെ മിഷൻ ഡയറക്ടറാക്കിക്കൊണ്ട് കേരള ലാന്റ് ഇൻഫർമേഷൻ മിഷന് രൂപം നൽകുകയുണ്ടായി. ഈ പദ്ധതിയിൽ അവലംബിക്കുന്ന ആധുനിക സർവെ സാങ്കേതിക രീതിയ്ക്ക് വേണ്ട സഹകരണം നൽകുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ സർവെ ഓഫ് ഇന്ത്യയാണ്. സർവെ ഓഫ് ഇന്ത്യയിലെ മുൻ അഡീഷണൽ സർവെ ജനറൽ ആയ മേജർ ജനറൽ ഷംഷേർ സിംഗിനെ കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ കൺസൽട്ടന്റായി നിയമിച്ചിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് സർവെ ചെയ്യുന്നതിന്റെ പൈലറ്റ് പ്രോജക്ടായി മലപ്പുറം ജില്ലയിൽ മേൽമുറി വില്ലേജിന്റെ സർവെ ജോലികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) എത്ര വില്ലേജുകളിൽ റീസർവ്വേ പൂർത്തിയായിട്ടുണ്ട്; | (ബി) 755 വില്ലേജുകളുടെ റീസർവെ ജോലികൾ പൂർത്തികരിച്ചിട്ടുണ്ട്. |
| (സി) "ഭൂമി മലയാളം" പദ്ധതി ആരംഭിച്ചതിനു ശേഷം റീസർവ്വേ പ്രവർത്തനത്തിൽ എന്തുമാത്രം പുരോഗതി ഉണ്ടായിട്ടുണ്ട്; | (സി) ഭൂമി കേരളം പദ്ധതി ആരംഭിച്ച ശേഷം മലപ്പുറം ജില്ലയിലെ മേൽമുറി വില്ലേജിൽ റീസർവ്വേ ജോലികൾ പൈലറ്റ് പ്രോജക്ട് ആയി ആരംഭിച്ചിട്ടുണ്ട്. ആധുനിക സാങ്കേതിക സർവെയിൽ ജീവനക്കാർക്ക് പരിശീലനം നൽകിയ ശേഷം മാത്രമേ റീസർവ്വേ ജോലികൾ വിപുലപ്പെടുത്തുകയുള്ളൂ. അതുവരെ നിലവിലുള്ള റെക്കോർ |

ഡുകൾ ഡിജിറ്റൈസ് ചെയ്യുന്ന ജോലി റീസർവെയ്ക്ക് മുന്നോടിയായി ചെയ്യാനും ഉദ്ദേശിക്കുന്നു. കൂടാതെ ആദിവാസി വനഭൂമി സർവ്വേ 2008 ഡിസംബർ 3-ാം തീയതി വയനാട് ജില്ലയിൽ ആരംഭിക്കുകയും മാനന്തവാടി, വൈത്തിരി, സുൽത്താൻ ബത്തേരി താലൂക്കുകളിലായി ആകെയുള്ള 336 ട്രൈബൽ കോളനികളിൽ 196 കോളനികളുടെ സർവ്വേ ജോലികളും റിക്കാർഡ് ജോലികളും 2009 ഫെബ്രുവരി 28-ാം തീയതിയോടെ പൂർത്തീകരിക്കുകയും ചെയ്തു. 196 കോളനികളിലായി 755.8949 ഹെക്ടർ (1867.059 ഏക്കർ) സ്ഥലം സർവ്വേ ചെയ്ത് സ്കെച്ചുകളും റിക്കാർഡുകളും തയ്യാറാക്കി ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ സർവ്വേ ജോലികളുടെ പ്രവർത്തനവും ആരംഭിച്ചു. കണ്ണൂർ ജില്ലയിൽ ഫോറസ്റ്റ് വകുപ്പും, ട്രൈബൽ വെൽഫയർ വകുപ്പും നൽകിയ കണക്ക് അനുസരിച്ചുള്ള 74 കോളനികളിൽ 14 കോളനികളുടെ പ്രാഥമിക വിവര ശേഖരണം, ഡീമാർക്കേഷൻ, ടോട്ടൽ സ്റ്റേഷൻ ഒബ്സർവേഷൻ എന്നീ ജോലികൾ ഇതിനകം പൂർത്തീകരിച്ചു.

പാലക്കാട് ജില്ലയിലെ ട്രൈബൽ സർവ്വേ ജോലികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു.

(ഡി) റീസർവ്വേ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) 3 വർഷത്തിനുള്ളിൽ റീസർവ്വേ പൂർത്തിയാക്കാൻ വേണ്ടിയാണ് പദ്ധതിയിട്ടിട്ടുള്ളത്.

(ഇ) റീസർവ്വേ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തുമോ?

(ഇ) റീസർവ്വേ സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കാൻ ഈ സർക്കാർ ജനകീയ അദാലത്തുകൾ സംഘടിപ്പിച്ചു വരുന്നു. ഇതിനായി ജില്ലാ സർവെ സൂപ്രണ്ട് ആഫീസുകളിൽ കെട്ടിക്കിടക്കുന്ന പരാതികൾ അതത് റീസർവെ സൂപ്രണ്ട് ആഫീസുകളിലേയ്ക്ക് കൈമാറാനും അവ സമയബന്ധിതമായി പരിഹരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 99 — 25/06/2009-ൽ മറുപടിക്ക്

## പൊതുവിദ്യാഭ്യാസ രംഗത്തെ പഠന നിലവാരം ഉയർത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ.ബാബു എം പാലിശ്ശേരി :<br>ശ്രീ. വി. ചെന്താമരാക്ഷൻ :<br>ശ്രീ. കെ.വി.കുഞ്ഞിരാമൻ :<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ : | ശ്രീ. എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | പൊതുവിദ്യാഭ്യാസ രംഗത്തെ പഠന നിലവാരം ഉയർത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | എ) | പൊതുവിദ്യാഭ്യാസ രംഗത്തെ പഠനനിലവാരം ഉയർത്തുന്നതിന് ചുവടെ കൊടുത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചു.<br><br>അദ്ധ്യാപകർക്ക് തുടർച്ചയായ പരിശീലനങ്ങൾ, തുടർ പരിശീലനങ്ങൾ, തിരഞ്ഞെടുക്കപ്പെട്ട 107 സ്കൂളുകളിൽ നടപ്പിലാക്കിയ തീവ്രകർമ്മ പരിപാടികൾ 'ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം' (QEPR), തൽസ്ഥല അദ്ധ്യാപക സഹായങ്ങൾ (OSS) തുടങ്ങിയവ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി. വിജയ ശതമാനത്തിൽ കഴിഞ്ഞ മൂന്ന് വർഷമായി അനുഭവപ്പെടുന്ന വ്യക്തമായ ഉയർച്ച കാണിക്കുന്നത് ഈ പരിപാടികളുടെ വിജയമാണ്. വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, SSA, SCERT, SIEMAT, SIET എന്നീ വിഭാഗങ്ങൾ ഒരു പൊതു പ്രവർത്തന കലണ്ടർ തയ്യാറാക്കി അദ്ധ്യാപക ശാക്തീകരണം നടപ്പിലാക്കിയിട്ടുണ്ട്. വ്യക്തമായ ആസൂത്രണത്തോടെ തുടർ പരിശീലനങ്ങൾ |

| | | |
|---|---|---|
| | | തുടർച്ചയായി നടപ്പിലാക്കി. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരും, ഡയറ്റ് പ്രിൻസിപ്പൽമാരും ജില്ലാ പ്രോജക്ട് ഓഫീസർമാരും എല്ലാ മാസവും കൂടി ചേർന്ന് ജില്ലകളിൽ നടക്കേണ്ട പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തു വരുന്നു. ഇതുപോലെ തന്നെ ഓരോ മാസത്തെയും പ്രവർത്തനം വിലയിരുത്തി സംസ്ഥാനതല പ്രതിമാസ അവലോകന യോഗങ്ങളിൽ അവതരിപ്പിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല പരിപാടികൾ ക്രമീകരിക്കുന്നു. അദ്ധ്യാപകർക്കുള്ള തൽസ്ഥല സഹായപരിപാടി എല്ലാ ജില്ലകളിലും കാര്യക്ഷമമായി നടത്തി വരുന്നു. ഇതിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തുടർ പരിശീലനങ്ങൾ നടത്തുന്നത്. സ്കൂളുകൾക്കുള്ള ഉച്ചഭക്ഷണം കൂടുതൽ പോഷകമൂല്യമുള്ളതാക്കി മാറ്റി. എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപക ഒഴിവുകൾ പരമാവധി നികത്തി പഠനം ഫലപ്രദമാക്കി. തിരഞ്ഞെടുക്കപ്പെട്ട 107 സ്കൂളുകളിൽ എല്ലാ വിഷയങ്ങൾക്കും കുട്ടികളുടെ എണ്ണം നോക്കാതെ അദ്ധ്യാപകരെ നിയമിച്ചു. ഈ സ്കൂളുകളിൽ പഠനകൂട്ടങ്ങൾ സംഘടിപ്പിച്ചു. രാത്രികാലങ്ങളിൽ അയൽപക്ക പഠന കേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കി. ഈ സ്കൂളുകളിൽ ചങ്ങാതി, ഒരുക്കം തുടങ്ങിയ പ്രത്യേക പഠന സഹായികൾ വിതരണം ചെയ്തു. ലോക്കൽ റിസോഴ്സ് അദ്ധ്യാപകരെ കണ്ടെത്തി ഉപയോഗപ്പെടുത്തി. ഇതുപോലെയുള്ള പ്രവർത്തന പരിപാടികൾ മറ്റു സ്കൂളുകളിലും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കി വരുന്നു. കേരള പാഠ്യപദ്ധതി ചട്ടക്കൂട് - 2007 നെ ആസ്പദമാക്കിയുള്ള പാഠ്യപദ്ധതി പരിഷ്ക്കരണവും പാഠപുസ്തക പരിഷ്ക്കരണവും ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു . പരിഷ്ക്കരിച്ച പാഠ്യപദ്ധതിയുമായി ബന്ധപ്പെടുത്തി സംസ്ഥാനത്തെ മുഴുവൻ അദ്ധ്യാപകർക്കും പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. അവധിക്കാല പരിശീലനത്തിനു പുറമേ ഓരോ ടേമിലും ക്ലസ്റ്റർതല പരിശീലനം (തുടർ പരിശീലനം) നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പഠനകാര്യങ്ങളിൽ പിന്നാക്കം നിൽക്കുന്ന |

| | | |
|---|---|---|
| | | സ്കൂളുകളെ കണ്ടെത്തി ഈ സ്കൂളുകളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തിരാജ് സംവിധാനവുമായി സഹകരിച്ചുകൊണ്ട് വിവിധങ്ങളായ പ്രവർത്തനങ്ങൾ നടന്നു വരുന്നു. സർവ്വശിക്ഷാ അഭിയാന്റെ ആഭിമുഖ്യത്തിൽ ഹിന്ദി, ഇംഗ്ലീഷ്, ഗണിതം എന്നീ വിഷയങ്ങളുടെ പഠനം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള പ്രത്യേക പാക്കേജുകൾ നടപ്പാക്കിയിട്ടുണ്ട്. ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒന്നാം തരംമുതൽ തന്നെ ഇംഗ്ലീഷ് പഠിക്കുന്നതിനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ എല്ലാ വിഷയങ്ങളുടെയും പഠനം രസകരമാക്കുന്നതിനു വേണ്ടി 5,6,7 ക്ലാസുകളിൽ വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പഠന സഹായി വിദ്യാർത്ഥികൾക്കായി നൽകിയിട്ടുണ്ട്. പാഠ്യപദ്ധതി വിനിമയത്തിൽ അദ്ധ്യാപകരെ സഹായിക്കുന്നതിനായി തൽസ്ഥല സഹായം (ഒ.എസ്.എസ്) കാര്യക്ഷമമായി നടപ്പിലാക്കി. ഒന്നു മുതൽ എട്ടു വരെ ക്ലാസ്സുകളിലെ പാഠ്യപദ്ധതി ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന് വിധേയമായി പരിഷ്കരിച്ചു. ഇതിനായി 2007-08 വർഷം SCERT യുടെ നേതൃത്വത്തിൽ 14 ഫോക്കസ് ഗ്രൂപ്പ് രൂപീകരിച്ചു. അവയുടെ പഠന റിപ്പോർട്ടിന്റെ വെളിച്ചത്തിൽ Kerala Curriculum Frame work (KCF) 2007 വികസിപ്പിച്ചു. ഇവയെല്ലാം പഞ്ചായത്ത് വിദ്യാഭ്യാസ സമിതിവരെ ചർച്ച ചെയ്ത് KCF ന് അവസാനരൂപം നൽകി. അതിന്റെ അടിസ്ഥാനത്തിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിലെ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും പരിഷ്കരിച്ചു. 2008-09 വർഷം 1,3,5,7 ക്ലാസ്സുകളിലും 2009-10 വർഷം 2,4,6,8 ക്ലാസ്സുകളിലും പുതുക്കിയ പാഠപുസ്തകങ്ങൾ തയ്യാറാക്കി വിതരണം ചെയ്തു. |

| | | | |
|---|---|---|---|
| | പാഠ്യപദ്ധതി നവീകരണത്തിലൂടെ പഠന നിലവാരം ഉയർത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | ബി) | ഉണ്ട്. 2008 മാർച്ച്, 2009 മാർച്ച് എന്നീ വർഷങ്ങളിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ 90 ശതമാനത്തിന് മുകളിൽ കുട്ടികൾ ഉപരിപഠനത്തിന് യോഗ്യത നേടി എന്നത് എടുത്തു പറയേണ്ട കാര്യമാണ്. പഠന നിലവാരം വളരെ പിന്നാക്കം നിന്നിരുന്ന 104 സ്കൂളുകളിൽപെട്ട 102 സ്കൂളുകളിലും 50 % ത്തിന് മുകളിൽ കുട്ടികൾ ഉപരിപഠനത്തിന് യോഗ്യത നേടി. മാത്രമല്ല പ്രൈമറി തലത്തിലെ പാഠ്യപദ്ധതി , പാഠപുസ്തക പരിഷ്കരണ വുമായി ബന്ധപ്പെടുത്തി നടത്തിയ പഠനങ്ങൾ (എസ്.എസ്.എ യും എസ്.സി.ഇ. ആർ. ടി യും) എല്ലാ വിഷയങ്ങളിലും പ്രത്യക്ഷമായ പുരോഗതി ദർശിക്കാൻ സാധിക്കുന്നു എന്ന് കണ്ടെത്തുകയുണ്ടായി. അർദ്ധവാർഷിക, വാർഷിക മൂല്യനിർണയം എന്നിവയോടനു ബന്ധിച്ച് കുട്ടികളുടെ പഠന നിലവാരം വിലയിരുത്തുന്നതിനായി ഓരോ ജില്ലയിലും ഡയറ്റിന്റെ നേതൃത്വത്തിൽ ഗവേഷണ പ്രവർത്തനം (ക്വാളിറ്റി ട്രാക്കിംഗ്) നടത്തിവരുന്നു. |
| സി) | ഈ വർഷം ഏതെല്ലാം ക്ലാസ്സുകളിലെ പാഠ പുസ്തകങ്ങളാണ് നവീകരിച്ചത് ; | സി) | ഈ വർഷം 2,4,6,8 (ഐ.ടി. ഒഴികെ) ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളാണ് നവീകരിച്ചത്. ഇതു കൂടാതെ പ്രൊഫ.കെ.എൻ.പണിക്കർ ചെയർമാനായുള്ള വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശപ്രകാരം 1,3,5,7, ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ (33 - ടൈറ്റിലുകളിൽ) ചെറിയ ഭേദഗതികൾ കൂടി വരുത്തിയിട്ടുണ്ട് . ഹയർ സെക്കണ്ടറി രണ്ടാം വർഷത്തേക്ക് ഫിസിക്സ്, കെമിസ്ട്രി,സുവോളജി, ബോട്ടണി,ഗണിതം,ഇക്കണോമിക്സ്,ജിയോഗ്രഫി, പൊളിറ്റിക്കൽ സയൻസ് എന്നീ വിഷയങ്ങളിൽ എൻ.സി.ഇ. ആർ.ടി. പരിഷ്കരിച്ച പാഠപുസ്തകം നടപ്പിലാക്കിയിട്ടുണ്ട്. |
| ഡി) | പാഠപുസ്തകങ്ങൾ പരിഷ്കരിക്കുമ്പോൾ അപാകതകൾ കടന്നു കൂടാതിരിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | ഡി) | പാഠപുസ്തകങ്ങൾ പരിഷ്കരിക്കുമ്പോൾ അപാകതകൾ കടന്നുകൂടാതിരിക്കുന്നതിനായി ചുവടെ കൊടുത്തിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പാഠങ്ങൾ എഴുതി തയ്യാറാക്കുന്നതിന് മുൻപ് സിലബസ് ഗ്രിഡ് പരിശോധിച്ച് പ്രശ്നമേഖല, ഉന്നൽ നൽകേണ്ട പ്രശ്നം, പ്രക്രിയകൾ, കഴിവുകൾ, രൂപപ്പെടേണ്ട ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ, മനോഭാവങ്ങൾ, ആവിഷ്കാര/പ്രകടിത രൂപങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തമായ ധാരണ രൂപപ്പെടുത്തണം. എഴുതി തയ്യാറാക്കിയ പാഠങ്ങൾ വിഷയബന്ധിതമായ ഒരു വിദഗ്ദ്ധ ഗ്രൂപ്പ് പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകേണ്ടതും അതിനനുസരിച്ച് ഭേദഗതികൾ വരുത്തുകയും വേണം. കരിക്കുലം കമ്മിറ്റിയുടെ അംഗീകാരത്തിനു മുമ്പ് കരിക്കുലത്തിന്റെ ഒരു സബ് കമ്മിറ്റി പുസ്തകം പൂർണമായി പരിശോധിച്ച് സബ്കമ്മിറ്റി റിപ്പോർട്ടും അംഗീകാരത്തിന്റെ ഭാഗമായി സമർപ്പിക്കണം .പാഠപുസ്തകം തയ്യാറാക്കുന്നവർക്ക് കൂടുതൽ ഉത്തരവാദിത്വം ഉണ്ടാകുന്നതിനുവേണ്ടി അവരുടെ പേരു വിവരം പാഠപുസ്തകങ്ങളിൽ ചേർക്കുവാൻ തീരുമാനിച്ചു. രചയിതാക്കളെ കൂടാതെ ചിത്രങ്ങൾ വരയ്ക്കുന്നവരുടേയും സൂക്ഷ്മ പരിശോധന നടത്തുന്നവരുടേയും പേരുകൾ കൂടി പാഠപുസ്തകത്തിൽ ചേർത്തിട്ടുണ്ട്. ഭാഷാപരമായ തെറ്റുകൾ ഒഴിവാക്കുന്നതിനായി പ്രത്യേക ഭാഷാ എഡിറ്റിംഗ് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാഠപുസ്തകത്തിലെ ആശയപരമായ തെറ്റുകൾ ഒഴിവാക്കുന്നതിനായി ദേശീയ തലത്തിലുള്ള വിദഗ്ദ്ധന്മാരെ പാഠപുസ്തക ശില്പശാലയിൽ പങ്കെടുപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 100 — 25-06-2009- ൽ മറുപടിയ്ക്ക്

## സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ ഭാഗമായുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ബി.ബാബു പ്രസാദ് : | | ശ്രീ. മുല്ലക്കര രത്നാകരൻ (കൃഷി വകുപ്പ് മന്ത്രി) |
| എ) ആലപ്പുഴ ജില്ലയുടെ കാർഷിക പുനരുദ്ധാരണത്തിനുവേണ്ടി സമർപ്പിച്ച സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സംസ്ഥാന സർക്കാർ കേന്ദ്രത്തിന് പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ ; | (എ), (ബി) ആൻറ് (സി) | ഉണ്ട്. കേന്ദ്ര ഗവൺമെൻറിന് സമർപ്പിച്ച പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) എങ്കിൽ ഏതെല്ലാം എന്ന് വിശദീകരിക്കാമോ ; | | |
| സി) ഇല്ലെങ്കിൽ പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് വകുപ്പിലെ ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; | | |
| ഡി) പദ്ധതികൾ സമർപ്പിക്കുന്നതിന് മുൻപ് ആലപ്പുഴ ജില്ലയിലെ എം.എൽ.എ മാരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുമോ ; | ഡി) | പ്രോസ്പിരിറ്റി കൗൺസിൽ മീറ്റിംഗിലും ആലപ്പുഴ വച്ച് ഡോ.സ്വാമിനാഥനെ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് നടത്തിയ യോഗത്തിലും കൂടാതെ എം.എൽ.എ മാർ സമർപ്പിച്ചിട്ടുള്ള നിവേദനങ്ങളിലും ഉൾക്കൊള്ളിച്ചിട്ടുള്ള നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചാണ് പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുള്ളത്. |
| ഇ) എത്ര ദിവസത്തിനകം സ്വാമിനാഥൻ കമ്മീഷൻ നിർദ്ദേശങ്ങളുടെ ഭാഗമായുള്ള പ്രോജക്റ്റുകൾ കേന്ദ്രത്തിനു സമർപ്പിക്കുവാൻ തയ്യാറാകും എന്ന് വ്യക്തമാക്കുമോ ? | (ഇ) | ഇതിനകം 473 കോടി രൂപയുടെ പദ്ധതി റിപ്പോർട്ടുകൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ശേഷിക്കുന്നവ ഉടൻ സമർപ്പിക്കത്തക്ക രീതിയിൽ തയ്യാറായി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 101 — 25/06/2009 -ൽ മറുപടിയ്ക്ക്

### വില്ലേജ് ആഫീസുകളിലെ ക്രമക്കേടുകളും അഴിമതിയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.പി.കൃഷ്ണപ്രസാദ്<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു<br>ശ്രീ.എം.എം.മോനായി | ശ്രീ.കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |

......

| | |
|---|---|
| (എ) വില്ലേജ് ആഫീസുകളിലെ ക്രമക്കേടുകളും അഴിമതിയും തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) വില്ലേജ് റിക്കാർഡുകൾ ശരിയായ രീതിയിൽ പരിപാലിയ്ക്കപ്പെടുന്നതിനും വില്ലേജാഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, അഴിമതി വിമുക്തമാക്കുന്നതിനും വേണ്ടി വില്ലേജാഫീസുകളിൽ മിന്നൽ പരിശോധന നടത്തുന്നതിനായി തഹസീൽദാർമാർക്കും അഡീഷണൽ തഹസീൽദാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, 2008-09 വർഷത്തെ ജമാബന്തി പരിശോധന സമയബന്ധിതമായി പൂർത്തിയാക്കുവാൻ എല്ലാ ജില്ലാ കളക്ടർ മാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ സെക്രട്ടേറിയറ്റിലെ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരടങ്ങിയ ഒരു ടീം പത്രറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ചില താലൂക്ക്/വില്ലേജ് ഓഫീസുകളിൽ മിന്നൽ പരിശോധന നടത്തുകയുണ്ടായി. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാന വ്യാപകമായി വില്ലേജ് ആഫീസുകളിൽ നടത്തിയ വിജിലൻസ് റെയ്ഡിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | (ബി) | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ നിർദ്ദേശ പ്രകാരം 29/05/2009 ൽ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട വില്ലേജ് ആഫീസുകളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ റെയ്ഡ് നടത്തുകയുണ്ടായി. ആയതിന്മേലുള്ള റിപ്പോർട്ടുകൾ ലഭ്യമായിട്ടില്ല. |
| (സി) | ഇതിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (സി) | റിപ്പോർട്ട് ലഭിച്ചിട്ടില്ല. അതിനാൽ നടപടി സ്വീകരിച്ചിട്ടില്ല. |
| (ഡി) | വില്ലേജ് ആഫീസുകളിൽ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ ? | (ഡി) | പൗരാവകാശ രേഖയുടെ കരട് രൂപം തയ്യാറായിട്ടുണ്ട്. പ്രസ്തുത രേഖ ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *102. 25.06.2009-ലെ മറുപടിക്ക്

പാഠപുസ്തകങ്ങളുടെ അച്ചടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.ശിവദാസൻ നായർ : | | ശ്രീ. എം. എ. ബേബി (വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാഠപുസ്തങ്ങളുടെ അച്ചടി പൂർത്തിയായിട്ടുണ്ടോ; | (എ) | പൂർത്തിയായി വരുന്നു. |
| (ബി) | ഏതൊക്കെ സ്വകാര്യ സ്ഥാപനങ്ങളിലാണ് പാഠപുസ്തകങ്ങൾ അച്ചടിക്കാൻ സർക്കാർ ഓർഡർ നൽകിയിട്ടുള്ളത് ; | (ബി) | സ്വകാര്യ സ്ഥാപനങ്ങൾക്ക് പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് സർക്കാർ ഓർഡർ നൽകിയിട്ടില്ല. |
| (സി) | പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഇല്ല |
| (ഡി) | പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും എന്ന് പൂർത്തിയാകും? | (ഡി) | ജൂൺ മാസാവസാനത്തോടെ പാഠപുസ്തകങ്ങളുടെ ഒന്നാം ഭാഗത്തിന്റെ അച്ചടിയും വിതരണവും പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 103

25-6-2009-ൽ മറുപടിയ്ക്ക്

## സംവരണ സീറ്റുകൾ അനുവദിക്കുന്നതിലെ അപാകതകൾ

**ചോദ്യം**

ശ്രീ.വി.എസ്.സുനിൽകുമാർ
ശ്രീ.എൻ.രാജൻ
ശ്രീ.കെ.അജിത്ത്
ശ്രീ ബാബുപോൾ
ശ്രീ കെ.രാജു

**ഉത്തരം**

ശ്രീ. എം.എ. ബേബി
(ബഹു. വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്തെ മെഡിക്കൽ-എഞ്ചിനീയറിംഗ് കോളേജുകളിലെ സംവരണ സീറ്റുകൾ അനുവദിക്കുന്നതിൽ അപാകതകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചില കോളേജുകളിൽ സംവരണ സീറ്റുകളിൽ കൂടുതൽ പ്രവേശനം നൽകുമ്പോൾ ചിലയിടങ്ങളിൽ മെരിറ്റ് സീറ്റുകളിൽ കൂടുതൽ പ്രവേശനം നൽകുന്നതായുള്ള ആക്ഷേപം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(എ) & (ബി)

സംസ്ഥാനത്തെ മെഡിക്കൽ എഞ്ചിനീയറിംഗ് കോളേജു കളിലെ സംവരണ സീറ്റുകൾ അനുവദി ക്കുമ്പോൾ ചില കോളേജുകളിൽ സംവരണ സീറ്റുക ളിൽ കൂടുതൽ പേർക്ക് പ്രവേശനം ലഭിക്കുന്നതായും ചില കോളേജുകളിൽ മെരിറ്റ് സീറ്റുകളിൽ കൂടുതൽ പ്രവേശനം ലഭിക്കുന്നതായും സർക്കാ രിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ വിദ്യാർത്ഥികൾ നൽകുന്ന ഓപ്ഷൻ അനുസരിച്ചും അപേക്ഷകന്റെ റാങ്കും സംവരണതത്വവും പാലിച്ചാണ് അലോട്ടുമെന്റ് നടത്തുന്നത്. മെരിറ്റിന്റെ അടിസ്ഥാനത്തിൽ പ്രവേശനം കിട്ടാനർഹതയുള്ള സംവരണവിഭാഗത്തിലുൾപ്പെട്ട അപേക്ഷകന് സംവരണ വിഭാഗത്തിനുവേണ്ടി ഒരു നിശ്ചിത എണ്ണം സീറ്റുകൾ നീക്കിവെച്ചിട്ടുള്ള കോളേജുകളിൽ പ്രവേശനം നേടാൻ അവകാശമുണ്ടെങ്കിലും സംവരണത്തിന്റെ ശതമാനം കണക്കാക്കുമ്പോൾ അയാളെ സംവരണ വിഭാഗത്തിൽപ്പെടുന്നവനായല്ല പൊതുവിഭാഗത്തിലെ അപേക്ഷകനായാണ് പരിഗണിക്കുക. അപ്പോൾ പ്രസ്തുത കോളേജിലെ സംവരണ സീറ്റ് മറ്റൊരു കോളേജിലേക്ക് മാറ്റപ്പെടും. ഇതനുസരിച്ച് സംവരണ വിഭാഗത്തിൽപ്പെട്ടവർക്ക് മെരിറ്റ് സീറ്റും സംവരണത്തിനർഹമായ മൊത്തം സംവരണ സീറ്റിലേക്കും പ്രവേശനം ലഭിക്കുന്നു. അതുകൊണ്ടാണ് ചില കോളേജുകളിൽ സംവരണ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം കൂടുതലായി വരുന്നത്.

(സി) ഇത്തരത്തിലുള്ള അപാകതകൾ കാരണം സംവരണ വിദ്യാർത്ഥികൾക്ക് ഉന്നതനിലവാരമുള്ള ഗവൺമെന്റ് കോളേജുകളിൽ പഠിക്കാനുള്ള അവസരം നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കുമോ?

(സി) സംവരണ വിഭാഗങ്ങൾക്ക് ഉന്നത നിലവാരമുള്ള ഗവൺമെന്റ് കോളേജുകളിൽ മെരിറ്റിന്റെയും സംവരണത്തിന്റെയും ആനുകൂല്യപ്രകാരം പ്രവേശനം ലഭിക്കുന്നുണ്ട്.

[illegible]

[illegible]

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 104 — 25/06/2009-ൽ മറുപടിക്ക്

**പരീക്ഷാഭവനിൽ അദാലത്ത് സംഘടിപ്പിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മുരളി പെരുനെല്ലി:<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ:<br>ശ്രീ.അൽഫോൺസ് കണ്ണന്താനം:<br>ശ്രീ.സാജു പോൾ:<br>ശ്രീ.മഞ്ഞളാംകുഴി അലി: | | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) | |
| എ) | പരീക്ഷാഭവനിൽ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളുമായി ബന്ധപ്പെട്ട് കെട്ടിക്കിടക്കുന്ന പരാതികൾ പരിഹരിക്കുന്നതിന് അദാലത്ത് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) | ജില്ലകളിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ കേന്ദ്രീകരിച്ച് അദാലത്തുകൾ നടത്തുകയും പ്രസ്തുത അദാലത്തുകളിൽ തീരുമാനമാകാതെ കിടന്നിരുന്ന ഫയലുകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകർ, പരീക്ഷാഭവനിലെ ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ സഹകരണത്തോടും തീവ്ര യത്ന പരിപാടികളിലൂടെയും തീർപ്പാക്കുകയുണ്ടായി. കൂടാതെ പൊതുജനങ്ങളുടെ പരാതി സ്വീകരിക്കാനായി തിരുവനന്തപുരം സയൻസ് & ടെക്നോളജി മ്യൂസിയത്തിൽ ജൂൺ 10 മുതൽ 24 വരെ ഒരു സംവിധാനം ഉണ്ടായിരുന്നു. ഈ പരാതികൾ ജൂലായ് 4-ന് നടക്കുന്ന അദാലത്തിൽ തീർപ്പു കൽപ്പിക്കുന്നതാണ്. |
| ബി) | സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് എത്ര ഫയലുകളാണ് കെട്ടിക്കിടക്കുന്നതെന്നു വ്യക്തമാക്കുമോ; | ബി) | 5158 ഫയലുകളാണ് തീർപ്പുകൽപ്പിക്കാനുള്ളത്. (ജനന തീയതി തിരുത്തുന്നതിന് 3436എണ്ണവും സർട്ടിഫിക്കറ്റിന്റെ ഡ്യൂപ്ലിക്കേറ്റിന് 1722 എണ്ണവും.) |

| | | | |
|---|---|---|---|
| സി) | എസ്.എസ്.എൽ.സി.ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടിക്രമം ലഘൂകരിക്കുന്ന കാര്യം പരിഗണിക്കുമോ; | സി) | പരിഗണിക്കുന്നുണ്ട് |
| ഡി) | സർട്ടിഫിക്കറ്റിലെ ജനനത്തീയതി തിരുത്തുന്നതിൽ അനുഭവപ്പെടുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | സർട്ടിഫിക്കറ്റിലെ ജനന തീയതി തിരുത്തുന്നതിൽ അനുഭവപ്പെടുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഇതിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ കേന്ദ്രീകരിച്ച് അദാലത്തുകൾ നടത്തി വരികയാണ്. കൂടാതെ തിരുവനന്തപുരം സയൻസ് & ടെക്നോളജി മ്യൂസിയത്തിൽ വച്ച് സംസ്ഥാന തലത്തിൽ ഒരു സങ്കട പരിഹാര അദാലത്ത് നടന്നു. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ്, ജനനത്തീയതി തിരുത്തൽ തുടങ്ങിയ അപേക്ഷകൾ പരീക്ഷാഭവൻ നേരിട്ട് സ്വീകരിച്ച് രസീത് നൽകി വരുന്നുണ്ട്. പ്രസ്തുത രസീതിൽ ഫയൽ തീർപ്പാക്കുന്നതിനാവശ്യമായ സമയ പരിധിയും രേഖപ്പെടുത്തിവരുന്നുണ്ട്. 2009 ആഗസ്റ്റ് മാസത്തോടുകൂടി പരീക്ഷാഭവനിൽ ജനനത്തീയതി തിരുത്തൽ, മറ്റു തിരുത്തലുകൾ, ഡ്യൂപ്ലിക്കേറ്റ് എന്നിവകൾക്കുള്ള അപേക്ഷകൾ ഓൺ ലൈൻ മുഖേന സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 105

25-6-2009- ൽ
മറുപടിയ്ക്ക്

## സ്വാശ്രയ എഞ്ചിനീയറിംഗ്, മെഡിക്കൽ കോളേജുകളുടെമേൽ നിയന്ത്രണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ബാബു<br>ശ്രീ.കെ.അച്ചുതൻ<br>ശ്രീ.വി.ഡി.സതീശൻ | ശ്രീ. എം.എ. ബേബി<br>(ബഹു. വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്വാശ്രയ എഞ്ചിനീയറിംഗ്, മെഡിക്കൽ കോളേജുകളുടെമേൽ ഗവൺമെന്റിന് ഏതെല്ലാം വിധത്തിലുള്ള നിയന്ത്രണങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) പ്രവേശനവും ഫീസ് നിർണ്ണയവും സംബന്ധിച്ച 2006-ലെ കേരള പ്രൊഫഷണൽ കോളേജസ് OR ഇൻസ്റ്റിറ്റ്യൂഷൻസ് (പ്രൊഹിബിഷൻ ഓഫ് ക്യാപ്പിറ്റേഷൻ ഫീസ്, റഗുലേഷൻ ഓഫ് അഡ്മിഷൻ, ഫിക്സേഷൻ ഓഫ് നോൺ-എക്സ്പ്ലോയിറ്റേറ്റീവ് ഫീസ്, ആന്റ് അദർ മെഷേഴ്സ് ടു എൻഷ്വർ ഇക്വിറ്റി ആന്റ് എക്സലൻസ് ഇൻ പ്രൊഫഷണൽ എഡ്യൂക്കേഷൻ) ആക്ട് 19 ഓഫ് 2006 പ്രകാരമുള്ള നിയന്ത്രണങ്ങൾ സർക്കാരിൽ നിക്ഷിപ്തമാണ്. |
| (ബി) ഇത്തരം കോളേജുകളിൽ ഗവൺമെന്റ് നിശ്ചയിച്ച ഫീസായിരുന്നോ കഴിഞ്ഞ വർഷം വിദ്യാർത്ഥികളിൽ നിന്നും പിരിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) സർക്കാർ നിശ്ചയിച്ച ഫീസ് നിരക്കിൽ കൂടുതൽ ഫീസ് ഈടാക്കിയ സ്ഥാപനങ്ങളെ സംബന്ധിച്ച പരാതികൾ ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റി പരിശോധിച്ചു വരുന്നു. |

(സി) അല്ലാത്തപക്ഷം ഗവൺമെന്റ് നിശ്ചയിച്ച ഫീസ് സ്വാശ്രയകോളേജുകളെക്കൊണ്ട് അംഗീകരിപ്പിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളെടുത്തുവെന്ന് വിശദമാക്കാമോ;

(ഡി) അത് എത്രത്തോളം ഫലപ്രദമായിയെന്ന് വ്യക്തമാക്കാമോ;

(സി) യും (ഡി) യും

ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസ് നിരക്കിൽ കൂടുതൽ ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് ലഭിച്ചിട്ടുള്ള പരാതികളിന്മേൽ കമ്മിറ്റി അന്വേഷണം നടത്തി വരുന്നു. കൂടുതൽ ഫീസ് വാങ്ങിയതായി തെളിയുകയും കമ്മിറ്റി ശുപാർശ ചെയ്യുകയും ചെയ്താൽ അത്തരം കോളേജുകളുടെ അംഗീകാരം റദ്ദാക്കുക, പിഴ ചുമത്തുക തുടങ്ങി സ്വാശ്രയ നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ഈ കോളേജുകൾ ഗവൺമെന്റ് നിശ്ചയിച്ചതിനേക്കാൾ കൂടുതൽ ഫീസ് വാങ്ങിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

(ഇ) കൂടുതൽ ഫീസ് ഈടാക്കിയെന്ന ആരോപണം സംബന്ധിച്ച പരാതികൾ കമ്മിറ്റി പരിശോധിച്ചു വരികയാണ്.

[signature]

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *106.                25.06.2009-ലെ മറുപടിക്ക്

## സർക്കാർ വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ

ചോദ്യം                ഉത്തരം

പ്രൊഫ.സി.രവീന്ദ്രനാഥ്:
ശ്രീ. പി.ടി.എ.റഹീം :
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ :
ശ്രീ.പി.വിശ്വൻ:
,, പി.ജയരാജൻ:

ശ്രീ. എം. എ. ബേബി
(വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പു മന്ത്രി)

---

(എ) സർക്കാർ വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ) പതിനൊന്നാം പഞ്ചവത്സര പദ്ധതി രൂപീകരണ മാർഗ്ഗരേഖ അനുസരിച്ച് ലൈബ്രറി, ലബോറട്ടറി, കമ്പ്യൂട്ടർ വിദ്യാഭ്യാസം എന്നിവയുമായി ബന്ധപ്പെട്ട് ആവശ്യം വേണ്ടുന്ന പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പ്രോജക്ടുകൾ അതത് പഞ്ചായത്തിരാജ് സ്ഥാപനങ്ങൾ തയ്യാറാക്കി വരുന്നു. കൂടാതെ ക്ലാസ് മുറികൾ, വിനോദത്തിനുള്ള സൗകര്യങ്ങൾ എന്നിങ്ങനെയുള്ള അനുബന്ധ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ലൈബ്രറി, ലബോറട്ടറി, ക്ലാസ് മുറികൾ, ഫർണിച്ചർ, ഉച്ചഭക്ഷണം, മറ്റ് സൗകര്യങ്ങൾ എന്നിവയുടെ മേന്മ വർദ്ധിപ്പിക്കുന്നതിനും അവയുടെ പരിപാലനത്തിനും പ്രോജക്ടുകൾ തയ്യാറാക്കി വരുന്നു. എല്ലാ സ്കൂളുകളിലും ഭക്ഷണപ്പുരകൾ, മാലിന്യ നിർമ്മാർജ്ജനം, അഴുക്കുചാൽ നിർമ്മാണം തുടങ്ങിയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സ്കൂളുകളിൽ ടോയ്ലറ്റ് സൗകര്യം മെച്ചപ്പെടുത്തുന്നതിനും കുടിവെള്ള വിതരണ സംവിധാനം ഏർപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള യൂറിനൽ/ടോയ്ലറ്റ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി , സ്കൂൾ പി.റ്റി.എ കൾ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കിയിട്ടുണ്ട്. സമ്പൂർണ്ണ ശുചിത്വ പരിപാടിയുടെ ഭാഗമായി അവശ്യ സ്വകാര്യ സ്ഥാപനങ്ങൾ സ്കൂളുകളിൽ ടോയ്ലറ്റ് നിർമ്മാണം നടത്തി വരുന്നുണ്ട്. കുടിവെള്ള വിതരണവും

ഗായി ബന്ധപ്പെട്ട് കിണർ നിർമ്മാണം, കിണറുകളുടെ അറ്റകുറ്റപ്പണി, പൈപ്പ് ലൈൻ സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികളും തദ്ദേശസ്വയം ഭരണ വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ റൂറൽ സ്കൂളുകളിലും ശുദ്ധീകരിച്ച കുടിവെള്ളം ലഭ്യമാക്കുന്നതിനായി **'ജലമണി'** പദ്ധതി പ്രകാരം നടപടികൾ ആരംഭിച്ചിട്ടുണ്ട്. എസ്.എസ്.എ ഫണ്ടുപയോഗിച്ചും സ്കൂളുകളിൽ ടോയ്‌ലറ്റ്/കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തിയിട്ടുണ്ട്.

(സി) **ഈ വർഷം സ്കൂൾ തുറക്കുന്നതിനു മുമ്പ് സ്കൂളുകളിലെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;**

(സി) മിക്ക ഗ്രാമ പഞ്ചായത്തുകളിലും പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) **സ്കൂളുകളിലെ ഷിഫ്റ്റ് സമ്പ്രദായം പൂർണ്ണമായും അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?**

(ഡി) ക്ലാസ്സ് മുറികളുടെ ലഭ്യത ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ എണ്ണം നിലവിലുള്ള മറ്റ് സാഹചര്യങ്ങൾ എന്നിവ പഠിച്ച് നടപടികളെടുത്തു വരുന്നു. ;

---

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 107 — 25/06/2009-ൽ മറുപടിക്ക്

## അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.എം.മോനായി: ശ്രീ.രാജു എബ്രഹാം: ശ്രീ.ടി.പി.കുഞ്ഞുണ്ണി: ശ്രീമതി.കെ.കെ.ലതിക: ശ്രീ.കെ.വി.കുഞ്ഞിരാമൻ : | | ശ്രീ.എം.എ.ബേബി (വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) | |
| എ) | അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) | അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വാർഷിക പരീക്ഷ നടത്താനോ ടി.സി.നൽകാനോ അനുവാദം നൽകിയിട്ടില്ല. 23.5.09 -ലെ ജി.ഒ.(ആർ.ടി)1977/09/പൊ.വി.വ. സർക്കാർ ഉത്തരവ് പ്രകാരം അംഗീകാരമുള്ള സ്കൂളുകളെന്ന് തെറ്റിദ്ധരിപ്പിച്ചതിന്റെ പേരിൽ പോലീസിൽ എഫ്..ഐ.ആർ. സമർപ്പിക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെ ചുമതലപ്പെടുത്തി യിരുന്നു. എന്നാൽ ടി ഉത്തരവിൽ മേൽ വിഷയം ഉൾപ്പെടുന്ന 4-ാമത്തെ ഖണ്ഡിക ബഹു.ഹൈക്കോടതി സ്റ്റേ ചെയ്യുകയുണ്ടായി. |
| ബി) | അംഗീകാരമില്ലാത്ത എത്ര സ്കൂളുകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്; | ബി) | കേരളത്തിലെ അംഗീകാരമില്ലാത്ത സ്കൂളുകളെക്കുറിച്ച് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പു 2007-ൽ നടത്തിയ സർവ്വെ അനുസരിച്ച് 2646 അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. |
| സി) | മാനേജ്മെന്റുകളുമായി നടത്തിയ ചർച്ചയുടെ വിശദാംശം വെളിപ്പെടുത്തുമോ; | സി) | അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളകൾക്കെതിരെ വഞ്ചനാ കുറ്റത്തിന്റെ പേരിൽ പോലീസിൽ എഫ്.ഐ.ആർ. സമർപ്പിക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ആഫീസർമാരെ ചുമതലപ്പെടുത്തികൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ 4-ാം ഖണ്ഡിക ബഹുഹൈകോടതി സ്റ്റേ ചെയ്ത സാഹചര്യത്തിൽ അതിൻമേൽ തുടർ നടപടി സ്വീകരിക്കേണ്ടതില്ല എന്നു തീരുമാനിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| ഡി) | ഈ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പഠനത്തിന് തടസ്സം ഉണ്ടാകാതിരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | ഡി) | 23-5-2009 ലെ ജി.ഒ.(സാധാ)നം. 1977/09/പൊ.വി.വ. സർക്കാർ ഉത്തരവ് പ്രകാരം അംഗീകാരമില്ലാത്ത സ്ഥാപനങ്ങളിൽ പഠിച്ചിരുന്ന കുട്ടികൾക്ക് അംഗീകാരമുള്ള സ്കൂളിൽ ചേർന്ന് പഠിക്കുന്നതിന് ടി.സി. ഇല്ലാതെ തന്നെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ 10-ാം ക്ലാസ് വരെ പ്രവേശനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| ഇ) | അംഗീകാരമില്ലാത്ത സ്കൂളുകൾക്കെതിരെ നടപടി സ്വീകരിച്ചതിനെ തുടർന്ന് എത്ര വിദ്യാർത്ഥികൾ അംഗീകാരമുള്ള സ്കൂളുകളിൽ പ്രവേശനം നേടി എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | ഇ) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 103

25-6-2009- ൽ മറുപടിയ്ക്ക്

## മാതൃഭാഷയിലും പ്രവേശന പരീക്ഷ നടത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി:<br>ശ്രീ. വി.കെ.ഇബ്രാഹീം കുഞ്ഞ്: | | ശ്രീ. എം.എ. ബേബി<br>(ബഹു. വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) | |
| (എ) | സാങ്കേതിക പദങ്ങൾപോലും മലയാളത്തിൽ പഠിച്ചുവരുന്ന കുട്ടികൾക്ക് പ്രൊഫഷണൽ കോഴ്സുകളിലെ പ്രവേശന പരീക്ഷയിലെ ഇംഗ്ലീഷിലുള്ള സാങ്കേതിക പദങ്ങൾ ദുർഗ്രാഹ്യമാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | പ്രവേശന പരീക്ഷയിൽ വിജയികളാവുന്ന കുട്ടികളിൽ സ്റ്റേറ്റ് സിലബസ് മലയാളം മീഡിയത്തിലും മറ്റ് സിലബസുകളിലും പഠിച്ച കുട്ടികളുടെ എണ്ണം സംബന്ധിച്ച ഒരു താരതമ്യ പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടത്തുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | നടത്തിയിട്ടുണ്ട്. 2009-ലെ പ്രവേശന പരീക്ഷയ്ക്ക് ചേർന്ന വിവിധ സിലബസുകളിലെ വിദ്യാർത്ഥികളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | മലയാളം മീഡിയത്തിൽ പഠിക്കുന്നവർക്ക് കൂടി സഹായകരമാവും വിധം മറ്റ് സംസ്ഥാനങ്ങളിൽ നിലവിലുള്ള പോലെ മാതൃഭാഷയിലും പ്രവേശന പരീക്ഷ നടത്താൻ നടപടി സ്വീകരിക്കുമോ ? | (സി) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

Number of candidates included in the Medical Rank list based on their course of study at the Plus Two level.

| Sl. No. | Qualifying Examination | Total number of candidates appeared | Total number of candidates in the Rank list | No. of candidates figures in the first 1000 ranks |
|---|---|---|---|---|
| 1 | HSE-Kerala | 48622 | 40867 | 518 |
| 2 | VHSE- Kerala | 997 | 612 | 1 |
| 3 | HSE/VHSE(Outside Kerala) | 441 | 374 | 3 |
| 4 | AISSCE(CBSE) | 10228 | 9906 | 426 |
| 5 | ISCE (CISCE) | 734 | 695 | 45 |
| 6 | Others | 1777 | 1350 | 7 |

Number of candidates included in the Engineering Rank list based on their course of study at the Plus Two level.

| Sl. No. | Qualifying Examination | Total number of candidates appeared | Total number of candidates in the Rank list | No. of candidates figures in the first 1000 ranks |
|---|---|---|---|---|
| 1 | HSE-Kerala | 72475 | 41307 | 381 |
| 2 | VHSE- Kerala | 1086 | 368 | 0 |
| 3 | HSE/VHSE(Outside Kerala) | 678 | 415 | 6 |
| 4 | AISSCE(CBSE) | 18032 | 14644 | 540 |
| 5 | ISCE (CISCE) | 1540 | 1226 | 62 |
| 6 | Others | 2837 | 1371 | 11 |

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -109 — 25. 6. 2009 -ൽ മറുപടിക്ക്

### മലബാർ പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. : സി.കെ.പി പത്മനാഭൻ :<br>" പി. ജയരാജൻ:<br>" സി.എച്ച്. കുഞ്ഞമ്പു:<br>" കെ. കുഞ്ഞിരാമൻ:<br>" എ. പ്രദീപ് കുമാർ: | ശ്രീ. മോൻസ് ജോസഫ്<br>(മരാമത്തുവകുപ്പു മന്ത്രി) |
| (എ) മലബാർ പാക്കേജിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തു നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;<br><br>(ബി) ഏതെല്ലാം പാലങ്ങളുടേയും കെട്ടിടങ്ങളുടേയും റോഡുകളുടേയും നിർമ്മാണ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്;<br><br>(സി) ആകെ എത്ര കോടി രൂപയുടെ പദ്ധതിയാണ് നടപ്പാക്കുന്നത്; | (എ) & (ബി) & (സി)<br><br>മലബാർ പ്രദേശത്തിന്റെ പശ്ചാത്തല വികസനത്തിനായി 1500 കോടി രൂപയുടെ മലബാർ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ 274 കോടി രൂപ അടങ്കൽ തുക വരുന്ന 98 പാലങ്ങളും 151 കോടി രൂപ അടങ്കൽ തുക വരുന്ന 108 കെട്ടിടങ്ങളും 344 കോടി രൂപ അടങ്കൽ തുക വരുന്ന 205 റോഡുകളുടേയും നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ചീഫ് എഞ്ചിനീയർമാരിൽനിന്നും ലഭിച്ച എസ്റ്റിമേറ്റുകൾ പരിശോധിച്ച് പ്രവൃത്തികളുടെ മുൻഗണനാ പ്രാധാന്യം കണക്കിലെടുത്ത് പൊതുമരാമത്ത് വകുപ്പിൽ ഇത്തരം പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മലബാർ പ്രദേശത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് തയ്യാറാക്കിയ മലബാർ പാക്കേജിൽ 1500 കോടി രൂപയുടെ വിവിധ പദ്ധതികൾ നടപ്പാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത് |

| | |
|---|---|
| (ഡി) പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ഡി) മലബാർ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് മന്ത്രിതലത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ചു ചേർത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണകുറിപ്പ്

2009-10 വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഖണ്ഡിക 10-ൽ മലബാർ പ്രദേശത്തിന്റെ പശ്ചാത്തല വികസനത്തിനായി 1500 കോടി രൂപയുടെ മലബാർ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. ഇതിൽ 274 കോടി രൂപ അടങ്കൽ തുക വരുന്ന 98 പാലങ്ങളും 151 കോടി രൂപ അടങ്കൽ തുക വരുന്ന 108 കെട്ടിടങ്ങളും 344 കോടി രൂപ അടങ്കൽ തുക വരുന്ന 205 റോഡുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. മലബാർ പാക്കേജിൽ ഏറ്റവും മുഖ്യം ടൂറിസം കേന്ദ്രങ്ങളുടെ വികസനമാണ്. കണ്ണൂർ വിമാനത്താവളം ബേപ്പൂർ- അഴീക്കൽ തുറമുഖങ്ങൾ എന്നിവയ്ക്ക് പ്രമുഖ സ്ഥാനം നൽകിയിരിക്കുന്നു.

മലബാർ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് മന്ത്രിതലത്തിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഇതിനായി ഒരു ആക്ഷൻ പ്ളാൻ അംഗീകരിച്ചു. 2009 മെയ് 30ന് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയ്ക്കായി സർക്കാരിൽ സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർമാരോട് നിർദ്ദേശിക്കുകയുണ്ടായി. ജൂൺ 30-നോട് കൂടി ഭരണാനുമതി നൽകി ജൂലൈ അവസാനത്തോടുകൂടി സാങ്കേതികാനുമതി നൽകി ആഗസ്റ്റ് മാസത്തിൽ ടെണ്ടർ വിളിച്ച് പണി ആരംഭിക്കാനുള്ള നിർദ്ദേശം പ്രസ്തുത യോഗത്തിൽവച്ച് നൽകുകയുണ്ടായി. അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കമ്മിറ്റി 15-6-2009, 16-6-2009 എന്നീ ദിവസങ്ങളിൽകൂടി 37945 ലക്ഷം രൂപയ്ക്കുള്ള പദ്ധതികൾക്ക് അംഗീകാരം നൽകുവാൻ ശുപാർശ ചെയ്തിട്ടുണ്ട്. ചീഫ് എഞ്ചിനീയർ മലബാർ പാക്കേജ് നടപ്പാക്കുന്ന മേഖലകളിൽ യോഗം വിളിച്ചുചേർത്ത് സമയബന്ധിതമായി പണികൾ നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുകയുണ്ടായി. മലബാർ പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾക്ക് എത്രയും പെട്ടെന്ന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ വിളിച്ച് പണി സമയബന്ധിതമായി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 110 — 25-6-2009-ൽ മറുപടിയ്ക്ക്

## സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എ.റഹീം:<br>ശ്രീ. വി.ജെ.തങ്കപ്പൻ:<br>ശ്രീ.എം.ഹംസ:<br>ശ്രീമതി.കെ.എസ്.സലീഖ: | ശ്രീ. എം.എ. ബേബി<br>(ബഹു. വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| (എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച് മാനേജ്മെന്റുകളുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിദ്യാർത്ഥി പ്രവേശനവും ഫീസ് ഘടനയും സംബന്ധിച്ച് എന്തെങ്കിലും ധാരണയിൽ എത്തിയിട്ടുണ്ടോ; | (എ) ചർച്ചകൾ നടന്നു വരുന്നു. |
| (ബി) ഈ വർഷത്തെ അഡ്മിഷൻ സുഗമമായി നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 111 25-06-09-ലെ മറുപടിക്ക്

## കാലവർഷക്കെടുതികൾ നേരിടുന്നതിന് മുൻകരുതലുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി.ചെന്താമരാക്ഷൻ<br>ശ്രീ.ബി.രാഘവൻ<br>ശ്രീ.ജോർജ്.എം. തോമസ്<br>ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീ.അൽഫോൺസ് കണ്ണന്താനം | | ബഹു; റവന്യൂ വകുപ്പ് മന്ത്രി |
| എ | കാലവർഷക്കെടുതികൾ നേരിടുന്നതിനും രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; | എ | സംസ്ഥാനത്ത് കാലവർഷക്കെടുതികൾ ഫലപ്രദമായി നേരിടുന്നതിനും മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനുമായി 02-06-09-ൽ ബഹു; റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും സ്ഥിതിഗതികൾ വിലയിരുത്തുകയുമുണ്ടായി. പ്രസ്തുത യോഗത്തിൽ ഫിഷറീസ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്, കോസ്റ്റ് ഗാർഡ്, സി.എൽ.ആർ, സെസ്സ്, ഇറിഗേഷൻ, ഇൻഡ്യൻ മെട്രോളജിക്കൽ ഡിപ്പാർട്ട്മെന്റ്, യു.എൻ.ഡി.പി., പോലീസ് തുടങ്ങിയ വകുപ്പുകളിലെ ഉയർന്ന ഉദ്യോഗസ്ഥർ സന്നിഹിതരാവുകയും സുപ്രധാനമായ തീരുമാനങ്ങൾ എടുക്കുകയും ഉണ്ടായി.<br><br>ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്റ്റേറ്റ് കലാമിറ്റി കൺട്രോൾ റൂം തുറക്കുവാനും വിവിധ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് ഏത് അടിയന്തിര പ്രശ്നങ്ങൾ നേരിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനമെടുത്തു. കൂടാതെ ജില്ലാ ആസ്ഥാനങ്ങളിലും താലൂക്കുകളിലും കൺട്രോൾ റൂമുകൾ തുറക്കുവാൻ തീരുമാനിച്ചു.<br><br>പ്രകൃതിദുരന്തങ്ങൾ ഏറ്റവും വേഗത്തിലും സമഗ്രവുമായി നടത്തുന്നതിനു വേണ്ടി പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ഒരു ഡിസാസ്റ്റർ മാനേജ്മെന്റ് ഡയറക്ടറി പുറത്തിറക്കാൻ ഐ.എൽ.ഡി.എം.ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഈ ഡയറക്ടറി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. |

| | | | |
|---|---|---|---|
| | | | വരുന്നു. സംസ്ഥാന ദുരന്തനിവാരണ കൺട്രോൾ റൂമിൽ 1070 എന്ന ടോൾ ഫ്രീ നമ്പറിലും ജില്ലാ ആസ്ഥാനങ്ങളിൽ 1077 എന്ന ടോൾ ഫ്രീ നമ്പറിലും പൊതുജനങ്ങൾക്ക് ബന്ധപ്പെടാവുന്നതാണ്. കാലാവസ്ഥാ മുന്നറിയിപ്പ് അറിയുന്നതിന് ഇൻഡ്യൻ മെട്രോളജിക്കൽ ഡിപ്പാർട്ട്മെന്റിൽ 18001801717 എന്ന ടോൾ ഫ്രീ നമ്പറിലും പൊതു ജനങ്ങൾക്ക് ബന്ധപ്പെ-ടാവുന്നതാണ്. |
| ബി | രക്ഷാപ്രവർത്തനങ്ങൾക്കായി കേന്ദ്ര ദുരന്ത പ്രതികരണ സേനയുടെ സേവനം പ്രയോജന-പ്പെടുത്താൻ ഉദ്ദേശി-ക്കുന്നുണ്ടോ; | ബി | മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, കടൽക്ഷോഭം എന്നിവ ഫലപ്രദമായി നേരിടുന്നതിനും രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനുമായി കേന്ദ്ര ദുരന്ത പ്രതികരണ സേനയുടെ (എൻ.ഡി.ആർ.എഫ്) സേവനം ലഭ്യമാക്കുവാൻ തീരുമാനമെടുത്തു. ഇതിലേയ്ക്കായി ബഹു റവന്യൂ വകുപ്പ് മന്ത്രി കേന്ദ്ര ആഭ്യന്തര മന്ത്രിക്ക് 02-06-09-ൽ കത്ത് എഴുതുകയുണ്ടായി. ഇവരെ ഇടുക്കി, എറണാകുളം, കോഴിക്കോട് എന്നീ 3 ജില്ലകളിലേയ്ക്ക് കേന്ദ്രീകരിച്ച് നിർത്താനും വേണ്ടിവന്നാൽ ഇവരുടെ സേവനം മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുവാനും തീരുമാന-മെടുത്തിട്ടുണ്ട്. കേരള സർക്കാർ ആവശ്യപ്പെട്ടാലുടൻ അയക്കുവാനായി എൻ.ഡി.ആർ.എഫ് - ന്റെ രണ്ട് സംഘങ്ങളെ തയ്യാറാക്കി നിർത്തിയിട്ടുണ്ടെന്ന് ആർക്കോണത്തെ എൻ.ഡി.ആർ.എഫ് കമാന്റന്റ് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| സി | തീരദേശങ്ങളിലെ രക്ഷാപ്രവർത്തനങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | സി | മത്സ്യതൊഴിലാളികൾക്ക് ആവശ്യമായ മുന്നറിയിപ്പ് നൽകുവാൻ തീരദേശങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ഫിഷറീസ് വകുപ്പിനു കീഴിൽ തുറന്നിട്ടുണ്ട്. ആവശ്യസന്ദർഭങ്ങളിൽ മത്സ്യ ബന്ധനത്തിനുപോയി കാണാതായവരെ കണ്ടെത്തുന്നതിനുവേണ്ടി നേവി, കോസ്റ്റ് ഗാർഡ്, മറൈൻ എൻഫോഴ്സ്മെന്റ് എന്നിവരുടെ സേവനം ലഭ്യമാക്കുവാനും നേവി-യുടെ പക്കൽ നിന്നും ഹെലിക്കോപ്റ്റർ സേവനം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>കടൽക്ഷോഭവും ചുഴലിക്കാറ്റും കൂടുതലായി അനുഭവപ്പെടുന്ന തെക്കൻ ജില്ലകളിൽ തിരച്ചിൽ നടത്തുന്നതിനുവേണ്ടി കോസ്റ്റ് ഗാർഡ് വിഴിഞ്ഞ-ത്തിന്റെ പക്കൽ ഒരു സ്പീഡ് ബോട്ട് മാത്രമു-ള്ളതിനാൽ കൂടുതൽ മെച്ചപ്പെട്ട സേവനത്തിനായി കൊച്ചിയിലെ ഇൻഡ്യൻ നേവി ആസ്ഥാനത്തു നിന്നും ആധുനിക സൗകര്യങ്ങളോടുകൂടിയ ബോട്ട് അടിയന്തിര ഘട്ടങ്ങളിൽ ലഭ്യമാക്കാൻ തീരുമാനം എടുക്കുകയും ഇതിനായി എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയുമുണ്ടായി.<br><br>കേരളത്തിലെ 5 തീരദേശ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട 10 ഗ്രാമങ്ങളിൽ പുഷ് റ്റു ടോക് വെരി ഹൈ ഫ്രീക്വൻസി റേഡിയോ സിസ്റ്റം ഉപകരണങ്ങൾ യു.എൻ.ഡി.പി.യുമായി സഹകരി-ച്ചുകൊണ്ട് അപകട മുന്നറിയിപ്പ് വ്യാപനത്തിനായി |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ കേരളത്തിലെ മറ്റ് 5 ജില്ലാ തലസ്ഥാനത്തും 63 താലൂക്ക് ആഫീസുകളിലും ഈ സംവിധാനം സ്ഥാപിക്കുന്നതിന് ആസൂത്രണം ചെയ്ത് വരുന്നു. ഇപ്രകാരം ആകെ 169 വി.എച്ച്.എഫ് സെറ്റുകൾ സ്ഥാപിക്കുന്നതും അതിൽ 90 എണ്ണം പൊതുജന ജാഗ്രതയ്ക്കുള്ള പബ്ളിക് അഡ്രസ്സ് സിസ്റ്റം ആയിരിക്കുന്നതാണ്. യു.എൻ.ഡി.പി. സഹായത്തോടെ വി.എച്ച്.എഫ് സെറ്റുകൾ വാങ്ങുന്നതിനും അതിന്റെ അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുമായി 12-05-09-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 1436/09/ആർ.ഡി പ്രകാരം സർക്കാർ 1,11,10,535 രൂപയുടെ കരാർ അംഗീകരിക്കുകയുണ്ടായി.<br><br>ലാസ്റ്റ് മൈൽ കണക്ടിവിറ്റി എന്ന രീതിയിൽ അപകട മുന്നറിയിപ്പ് വ്യാപനത്തിന് വിവരം നൽകുന്നതിനുള്ള നടപടികൾ ഇപ്രകാരമാണ്.<br><br>പ്രകൃതിക്ഷോഭങ്ങളും കാലാവസ്ഥാ വ്യതിയാനങ്ങളും മുൻകൂട്ടി അറിയാനുള്ള സംവിധാനം ദുരന്തനിവാരണ വകുപ്പിന് തിരുവനന്തപുരത്ത് സ്ഥിതിചെയ്യുന്ന ഇൻഡ്യൻ മെറ്റീരിയോളജിക്കൽ വകുപ്പിൽ നിന്നും ഡൽഹിയിൽ സ്ഥിതിചെയ്യുന്ന മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സിന്റെ കലാമിറ്റി കൺട്രോൾ റൂമിൽ നിന്നുമാണ് ലഭിക്കുന്നത്. കേരളത്തിലെയും ചുറ്റുമുള്ള പ്രദേശങ്ങളിലെയും ഭൂതല/ഉപരിതല വായുവിനെ സംബന്ധിക്കുന്ന വിവരങ്ങൾ അറിയിക്കുവാനുള്ള സ്ഥിരം സംവിധാനം ഈ വകുപ്പുകൾക്കുണ്ട്. ഇൻസാറ്റ് ഉപഗ്രഹങ്ങളിൽ നിന്നുള്ള ചിത്രങ്ങളുടേയും മറ്റു വിവരങ്ങളുടേയും അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ കാലാവസ്ഥാ വ്യതിയാന വിവരങ്ങളെ സംബന്ധിച്ച് 48 മണിക്കൂർ വരെയുള്ള പ്രവചനം നടത്താനും കൂടാതെ ഈ വിവരങ്ങൾ സംസ്ഥനത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് കലാമിറ്റി കൺട്രോൾ റൂമിൽ ലഭ്യമാകുന്നു. ആവിടെ നിന്നും സന്ദേശങ്ങൾ ജില്ലാ ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന കലാമിറ്റി കൺട്രോൾ റൂമിലേയ്ക്കും ആവിടെ നിന്ന് ഓരോ കമ്മ്യൂണിറ്റിക്കും താലൂക്കുകൾക്കും വി.എച്ച്.എഫ്. പുഷ് റ്റു ടോക്ക് റേഡിയോ സിസ്റ്റം വഴി കൈമാറുന്നു. ഈ ഓരോ കമ്മ്യൂണിറ്റിയും വി.എച്ച്.എഫ് റേഡിയോ സിസ്റ്റം പ്രാദേശിക പബ്ളിക് അഡ്രസ്സ് സിസ്റ്റവുമായി ബന്ധിപ്പിക്കുന്നതുമൂലം ഒന്നര കിലോമീറ്റർ ചുറ്റളവിലെ ജനങ്ങൾക്ക് മുന്നറിയിപ്പ് വിവരങ്ങൾ ശ്രവിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 112*** | **25.6.2009 ൽ മറുപടിക്ക്**

## മലയോര ഹൈവേ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി :<br>ശ്രീ. കെ. കെ. ജയചന്ദ്രൻ :<br>ശ്രീ. രാജു എബ്രഹാം :<br>ശ്രീ. കെ. സി. രാജഗോപാലൻ : | ശ്രീ. മോൻസ് ജോസഫ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ മലയോര പ്രദേശങ്ങളെ ബന്ധിപ്പിച്ച് നിർമ്മിക്കുന്ന മലയോര ഹൈവേയുടെ അന്തിമ രൂപരേഖ തയ്യാറായിട്ടുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) മലയോര ഹൈവേയുടെ അന്തിമ രൂപരേഖ തയ്യാറായിട്ടുണ്ട്. സർക്കാർ ചുമതലപ്പെടുത്തിയത് പ്രകാരം നാറ്റ്പാക്കാണ് അന്തിമ രൂപരേഖ തയ്യാറാക്കിയത്. ഇതിന്റെ വെളിച്ചത്തിൽ അലയിൻമെന്റിന് അന്തിമ രൂപം നല്കാൻ സർക്കാർ നടപടി സ്വീകരിച്ചു മലയോര ഹൈവേയുടെ ഒന്നാംഘട്ടമായ കാസർകോഡ് മുതൽ പാലക്കാട് വരെയുള്ള ഭാഗത്തിന്റെ രൂപരേഖയാണ് നേരത്തെ അംഗീകരിച്ചിട്ടുള്ളത്. ഹൈവേ കടന്നുപോകുന്ന പ്രദേശങ്ങളുടെ പട്ടിക അനുബന്ധമായി വച്ചിരിക്കുന്നു. രണ്ടാംഘട്ടമായ പാലക്കാട് മുതൽ പാറശ്ശാലവരെയുള്ള രൂപരേഖ പരിശോധിച്ചുവരുന്നു. കാസർഗോഡ് മുതൽ പാറശ്ശാല വരെയുള്ള അലയിൻമെന്റിനാണ് ഇപ്പോൾ അന്തിമ രൂപം നല്കുന്നത്. |
| (ബി) പദ്ധതി നടപ്പാക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവ് ഉൾപ്പെടെ എത്ര കോടി രൂപ ആവശ്യമായി വരും എന്നാണ് കണക്കാക്കിയിട്ടുള്ളത് എന്ന് അറിയിക്കുമോ ; | (ബി) ഭൂമി ഏറ്റെടുക്കലിന്റെ തുകകൂടി കണക്കിലെടുത്തായിരിക്കും പദ്ധതിയുടെ ചെലവ് കണക്കാക്കുന്നത്. |
| (സി) പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ കേന്ദ്രാനുമതി നേടിയെടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ; | (സി) പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്രാനുമതി ആവശ്യമില്ല. |

| | |
|---|---|
| (ഡി) ഭൂമി ഏറ്റെടുക്കുകയും അലൈൻമെന്റ് നിശ്ചയിക്കുകയും ചെയ്തിട്ടുള്ള പ്രദേശങ്ങൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കുമോ ; | (ഡി) ഭൂമി ഏറ്റെടുക്കുന്ന നടപടി ആരംഭിച്ചിട്ടില്ല. |
| (ഇ) ഹൈവേയുടെ ആദ്യഘട്ടപ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന് അറിയിക്കുമോ ? | (ഇ) ഹൈവേയുടെ രൂപരേഖ അന്തിമമായി അംഗീകരിച്ച് ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതാണ്. |

സെക്ഷൻ ആഫീസർ

അനുബന്ധം

കാസർഗോഡു മുതൽ ~~തിരുവനന്തപുരം~~ പാലക്കാട് വരെയുള്ള നിർദ്ദിഷ്ട മലയോര പാതയുടെ റൂട്ട്

ഒന്നാം ഘട്ടത്തിന്റെ രൂപരേഖ.

കാസർഗോഡ്

നന്ദാരപദവ് - പുത്തിഗെ - പെർള - ബദിയടുക്ക - മുള്ളേരിയ - അത്തിനടി - പാണ്ടി - പടിപ്പ് - ബന്തടുക്ക - ഇരഞ്ഞിലംകോട് - കോളിച്ചാൽ - പതിനെട്ടാംമൈൽ - വള്ളിക്കടവ് - ചിറ്റാരിക്കൽ - ചെറുപുഴ.

കണ്ണൂർ

ചെറുപുഴ-മഞ്ഞക്കാട്-ആലക്കോട്-കരുവഞ്ചാൽ-താവുകുന്ന്-നടുവിൽ-ചെമ്പേരി-പയ്യാവൂർ-ഉളിക്കൽ-വള്ളിത്തോട്-ആനപ്പന്തി-കരിക്കോട്ടകരി-എടൂർ-ആറളം-കാപ്പുകടവ്-പെരുമ്പുന്ന-മടപ്പുരച്ചാൽ-മണത്തണ-കൊട്ടിയൂർ-അമ്പായത്തോട്-ബോയ്സ് ടൗൺ.

വയനാട്

ബോയ്സ്ടൗൺ-മാനന്തവാടി-നാലാംമൈൽ-അഞ്ചുകുന്ന്-പനമരം-കൈനാട്ടി-കൽപ്പറ്റ-കാപ്പംകൊല്ലി-മേപ്പാടി-ചൂരൽമല-അരുണപ്പുഴ.

കോഴിക്കോട്

ബോയിസ്ടൗൺ-വാളാട്-കുഞ്ഞോം-വിലങ്ങാട്-കല്ലാച്ചി-കടിയങ്ങാട്-തലയാട്-കോടഞ്ചേരി-തിരുവമ്പാടി-കൂടരഞ്ഞി-കൂമ്പാറ-കക്കാടംപൊയിൽ-വെളിയംതോട്.

മലപ്പുറം

അരുണപ്പുഴ-തമ്പുരാട്ടിക്കല്ല്-പാലുണ്ട-എടക്കര-കരുളായി-മൂത്തേടം-പൂക്കോട്ടുംപാടം-കാളികാവ്-കേരളം-കിഴക്കേത്തല(കരുവാരക്കുണ്ട്)-തരിശു-പുൽവെട്ട-കരിങ്കൽത്തോണി-പൊൻപാറ.

പാലക്കാട്

പൊൻപാറ-എടത്തനാട്ടുകര-കാപ്പുപറമ്പ്-തിരുവിഴാംകുന്ന്-കോട്ടോപ്പാടം-കുമരംപുത്തൂർ-മണ്ണാർക്കാട്.-ചന്ദ്രനഗർ(പാലക്കാട്-ടൗൺ)-~~കല്ലിങ്ങൽ-പുതുനഗരം-കൊല്ലങ്കോട്-നെന്മാറ-വടക്കഞ്ചേരി.~~

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രസിഹ്നമിട്ട ചോദ്യം നം. 113 25.6.2009-ൽ മറുപടിയ്ക്ക്

## "പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുവാൻ നടപടി"

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.ജോസഫ് എം. പുതുശ്ശേരി<br>ശ്രീ.തോമസ് ചാഴിക്കാടൻ | ശ്രീ.മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ആഭ്യന്തര പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) കേരള സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി 2008-09 വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട 1000 ഗ്രാമങ്ങളിൽ വിവിധ സർക്കാർ, അർദ്ധ സർക്കാർ, സന്നദ്ധ സംഘടനകൾ, കർഷക ഗ്രൂപ്പുകൾ, സ്വകാര്യ സംരംഭകർ എന്നിവരെ ഏകോപിപ്പിച്ചുകൊണ്ട് "ആയിരം ഗ്രാമങ്ങളിൽ സമഗ്ര ജൈവ പച്ചക്കറി വികസന പദ്ധതി" നടപ്പിലാക്കി. കൃഷി വകുപ്പും, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനും ചേർന്ന് 600 പച്ചക്കറി ഗ്രാമങ്ങൾ സംസ്ഥാനത്തൊട്ടാകെ സംഘടിപ്പിച്ചു. 3050 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി നടപ്പിലാക്കി. 40,000 ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചു.<br><br>ഇതുകൂടാതെ 105 വിദ്യാലയങ്ങളിൽ പച്ചക്കറി തോട്ടങ്ങൾ സംഘടിപ്പിച്ചു. ജലസേചനത്തിനായി കിണറുകൾ കുഴിക്കുകയും, പമ്പുസെറ്റുകൾ സ്ഥാപിക്കുകയും, അഞ്ഞൂറോളം ജൈവവള യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തു. പച്ചക്കറി ഗ്രാമങ്ങൾ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളുടെ വിപണനത്തിനായി 9 സ്വാശ്രയ മാർക്കറ്റുകൾ, 185 പ്രാദേശിക |

| | |
|---|---|
| | ചന്തകൾ എന്നിവ സംഘടിപ്പിച്ചു.<br><br>ആഭ്യന്തര പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് വി.എഫ്.പി.സി.കെ.യും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഗുണമേൻമയുള്ള പച്ചക്കറി വിത്തുകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി വിത്തുല്പാദന യൂണിറ്റും വിത്തു സംസ്കരണശാലയും പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്നു. 2008-09 വർഷത്തിൽ 18 ഇനം പച്ചക്കറികളുടെ 38.22 ടൺ പച്ചക്കറി വിത്തുകൾ ഉൽപാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തി. പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകർക്ക് പുറമേ, വീട്ടാവശ്യത്തിനായി വീടുകളിൽ കൃഷി ചെയ്യുന്നവരേയും പ്രോത്സാഹിപ്പിക്കുന്നതിനായി "വീട്ടിൽ ഒരു പച്ചക്കറിത്തോട്ടം" എന്ന പദ്ധതി കൗൺസിൽ നടപ്പിലാക്കി വരുന്നു. 10,000 ടൺ അധിക പച്ചക്കറി ഉൽപ്പാദനമാണ് ഈ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്നത്. പച്ചക്കറി വിത്തിനു പുറമേ പച്ചക്കറി തൈകൾ ഉൽപാദിപ്പിച്ച് വിതരണം നടത്തുന്നതിനുള്ള പദ്ധതിയും വി.എഫ്.പി.സി.കെ. നടപ്പിലാക്കുന്നു. വ്യാവസായികാടിസ്ഥാനത്തിൽ ശീതകാല വിളകളായ കാബേജ്, കോളിഫ്ളവർ, കാരറ്റ് എന്നിവയുടെ കൃഷി സംസ്ഥാനത്തുടനീളം പ്രോത്സാഹിപ്പിക്കുവാൻ കൗൺസിൽ ലക്ഷ്യമിടുന്നു. |
| ബി) പ്രസ്തുത മേഖലയ്ക്ക് പ്രോത്സാഹനം നൽകുന്നതിനായി എന്തൊക്കെ കാര്യങ്ങളാണ് സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; | ബി) 2009-2010 വർഷത്തിലും "ആയിരം ഗ്രാമങ്ങളിൽ സമഗ്ര ജൈവപച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുന്നതിനായി 125 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഗ്രൂപ്പടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് വിത്ത്, ജൈവവളം, ജൈവകീടനാശിനി, ജലസേചനം, പന്തലിടൽ, വിപണനം എന്നിവയ്ക്കായി ഹെക്ടറൊന്നിന് 10,000 രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നതാണ്. വീട്ടു |

| | |
|---|---|
| | വളപ്പിൽ വീട്ടമ്മമാരുടെ പങ്കാളിത്തത്തോടെ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി വിവിധയിനം പച്ചക്കറി വിത്തുകളടങ്ങിയ കിറ്റുകൾ കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്നതാണ്. 10 രൂപ വിലയുള്ള ഒന്നര ലക്ഷം കിറ്റുകൾ വിതരണം ചെയ്യാനുദ്ദേശിക്കുന്നു. വിദ്യാലയങ്ങളിലും മറ്റു സ്ഥാപനങ്ങളിലും പച്ചക്കറി കൃഷി നടപ്പിലാക്കുവാനായി 250 രൂപ വിലയുള്ള പച്ചക്കറി വിത്തുകളുടെ 400 കിറ്റുകൾ സംസ്ഥാനത്തൊട്ടാകെ വിതരണം ചെയ്യുന്നു. ഇതിനു പുറമെ കർഷകരിൽ പച്ചക്കറി കൃഷിയെക്കുറിച്ച് അവബോധം സൃഷ്ടിക്കുവാൻ കൃഷിഭവന്റെ പരിസരങ്ങളിൽ മാതൃകാ പച്ചക്കറിത്തോട്ടം സംഘടിപ്പിക്കുവാൻ കൃഷിഭവനൊന്നിന് 100 രൂപയുടെ പച്ചക്കറി വിത്തുകിറ്റുകൾ നൽകുന്നതാണ്. കൂടാതെ ഭക്ഷ്യസുരക്ഷ പദ്ധതി പ്രകാരം, 1000 ഹെക്ടറോളം നെൽപ്പാടങ്ങളിൽ മൂന്നാം വിളയായി പച്ചക്കറി കൃഷി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. 2009-2010 വർഷത്തിൽ ടി പദ്ധതികൾ മുഖേന 45,000 ടൺ പച്ചക്കറികൾ അധികമായി ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു.<br><br>ആഭ്യന്തര പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി വി.എഫ്.പി.സി.കെ. വിത്തു മുതൽ വിപണനം വരെയുള്ള എല്ലാ ഘട്ടങ്ങളിലും കർഷകർക്ക് സഹായം എത്തിക്കുന്ന രീതിയിലാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. കൗൺസിൽ ഈ വർഷം 50 ടൺ പച്ചക്കറി വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനാണ് പദ്ധതി ഇടുന്നത്. പച്ചക്കറി കർഷകർക്ക് കൗൺസിൽ നൽകുന്ന ഒരു ശതമാനം പലിശയിളവ് ഉൾപ്പെടെ 6 ശതമാനം പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഈ വർഷം പഴം-പച്ചക്കറി കർഷകർക്കായി 65 കോടി രൂപ വായ്പ നൽകാനാണ് |

| | |
|---|---|
| | ഉദ്ദേശിക്കുന്നത്. പച്ചക്കറി കർഷകർക്കുള്ള ഇൻഷ്വറൻസ് പരിരക്ഷയും കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്നു. പച്ചക്കറികളുടെ വിപണനത്തിനായി ഇപ്പോൾ പ്രവർത്തിക്കുന്ന 227 സ്വാശ്രയ കർഷക വിപണികൾക്ക് പുറമേ 21 പുതിയ സ്വാശ്രയ കർഷക വിപണികളും 58 കളക്ഷൻ സെന്ററുകളും തുടങ്ങാൻ വി.എഫ്.പി.സി.കെ. ഉദ്ദേശിക്കുന്നു. |
| (സി) സംസ്ഥാനത്തെ മിക്ക കൃഷിഭവനുകളിലും ഇതുവരേയും പച്ചക്കറി വിത്തുകൾ, തൈകൾ എന്നിവ എത്തിച്ചിട്ടില്ലായെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; ഇവ എത്രയും വേഗം വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; | (സി) സംസ്ഥാനത്തൊട്ടാകെയുള്ള കൃഷിഭവനുകളിൽ പച്ചക്കറി വിത്തുകളെത്തിക്കുവാൻ കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിട്ടിയെ ചുമതലപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ഏജൻസി വിത്തുവിതരണം നടത്തി വരുന്നു. |
| (ഡി) വരും വർഷങ്ങളിൽ ഇവ മുൻകൂട്ടി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 114 25-06-2009- ൽ മറുപടിയ്ക്ക്

## രാസകീടനാശിനികളും രാസവസ്തു പ്രയോഗവും നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ : | | ശ്രീ. മുല്ലക്കര രത്നാകരൻ (കൃഷി വകുപ്പ് മന്ത്രി) |
| എ) കൃഷിയിടങ്ങളിലെ അമിതമായ രാസവളപ്രയോഗവും കീടനാശിനി പ്രയോഗവും നിയന്ത്രിക്കുന്നതിന് ആവശ്യമായ പ്രചരണം നൽകുന്ന കാര്യം ആലോചിക്കുമോ ; | (എ) | രാസവളപ്രയോഗവും കീടനാശിനി പ്രയോഗവും നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കേരള സർക്കാർ ജൈവകൃഷിനയം പ്രഖ്യാപിക്കുകയും ആവശ്യമായ പ്രചരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നുണ്ട്. |
| ബി) മണ്ണിന്റെയും ജലത്തിന്റെയും തനത് സ്വഭാവത്തിൽ മാറ്റം വരുത്തുന്നതും മനുഷ്യരിലും മറ്റ് ജീവികളിലും ഗുരുതരമായ ആരോഗ്യ പ്രശ്നം സൃഷ്ടിക്കുന്നതുമായ രാസകീടനാശിനികളുടേയും രാസവളങ്ങളുടേയും ഉപയോഗം കർക്കശമായും നിരോധിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ; | (ബി) | രാസവളങ്ങളുടെയും കീടനാശിനികളുടെയും വിപണനവും നിയന്ത്രണവും കേന്ദ്ര ഗവൺമെന്റിന്റെ പരിധിയിൽപ്പെട്ടതാണ്. ഈ കാര്യങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും സംസ്ഥാനതല നിയമ നിർമ്മാണത്തിന്റെ സാദ്ധ്യത പരിശോധിക്കുകയും ചെയ്യുന്നുണ്ട്. |
| സി) കൃഷിയിലും കൃഷി ഇടങ്ങളിലും ഉപയോഗിക്കുവാൻ പാടില്ലാത്ത രാസ കീടനാശിനികൾ ഏതൊക്കെയെന്നും അവ ഉപയോഗിച്ചാൽ ഉണ്ടാകുന്ന അപകടങ്ങളെ സംബന്ധിച്ചും വിശദമാക്കുമോ ? | (സി) | അപകടകാരികളായി കണ്ടെത്തി കേന്ദ്ര സർക്കാർ നിരോധിക്കുകയും നിയന്ത്രിക്കുകയും ചെയ്തിട്ടുള്ള രാസകീടനാശിനികളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇത്തരം കീടനാശിനികളുടെ ഉപയോഗം അപരിഹാര്യമായ ശാരീരികവും പാരിസ്ഥിതികവും മാനസികവുമായ അപകട ങ്ങളുണ്ടാക്കുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കേന്ദ്ര സർക്കാർ നിരോധിക്കുകയും നിയന്ത്രിക്കുകയും ചെയ്തിട്ടുള്ള രാസകീടനാശിനികൾ

### നിരോധിച്ചിട്ടുള്ള രാസകീടനാശിനികൾ

1. ആൽഡ്രിൻ
2. ബെൻസീൻ ഹെക്സാക്ലോറൈഡ്
3. കാൽസ്യം സയനൈഡ്
4. ക്ലോർ ഡേൻ
5. കോപ്പർ അസറ്റോ ആർസനേറ്റ്
6. ബ്രോമോ ക്ലോറോ പ്രൊപ്പേൻ
7. എൻഡ്രിൻ
8. ഈഥൈൽ മെർക്കുറി ക്ലോറൈഡ്
9. ഈഥൈൽ പാരത്തിയോൺ
10. ഹെപ്റ്റാക്ലോർ
11. മെനാസോൺ
12. നൈട്രോഫെൻ
13. പാരക്വറ്റ് ഡൈമീഥൈൽ സൾഫേറ്റ്
14. പെൻറാ ക്ലോറോ നൈട്രോ ബെൻസീൻ
15. പെൻറാ ക്ലോറോ ഫിനോൾ
16. ഫീനൈൽ മെർക്കുറി അസറ്റേറ്റ്
17. സോഡിയം മീഥൈൽ ആർസനേറ്റ്
18. ടെട്രാഡിഫോൺ
19. ടോക്സാഫെൻ
20. ആൽഡികാർബ്
21. ക്ലോറോ ബെൻസിലേറ്റ്
22. ഡൈയെൽഡ്രിൻ
23. മാലിക് ഹൈഡ്രാസൈഡ്
24. എഥിലീൻ ഡൈ ബ്രോമൈഡ്
25. ട്രൈക്ലോറോ അസറ്റിക് ആസിഡ്
26. നിക്കോട്ടിൻ സൾഫേറ്റ്
27. കാപ്റ്റാഫോൾ 80% പൗഡർ
28. മെഥോമിൽ 24% എൽ
29. മെഥോമിൽ 12.5% എൽ
30. ഫോസ്ഫാമിഡോൺ 85% എസ്.എൽ

31. കാർബോഫ്യൂറാൻ 50% എസ്.പി

32. ഡാലപോൺ

33. ഫേർബാം

34. ഫോർമോത്തയോൺ

35. നിക്കൽ ക്ലോറൈഡ്

36. പാരാ ഡൈ ക്ലോറോ ബെൻസീൻ

37. സിമാസിൻ

38. വാർഫാറിൻ

<u>ഉപയോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള  രാസകീടനാശിനികൾ</u>

1. അലുമിനിയം ഫോസ്ഫൈഡ്
2. ഡിഡിറ്റി
3. ലിൻഡേൻ
4. മീഥൈൽ ബ്രോമൈഡ്
5. മീഥൈൽ പാരത്തയോൺ
6. സോഡിയം സയനൈഡ്.
7. മെത്തോക്സി ഈഥൈൽ മെർക്കുറി ക്ലോറൈഡ്
8. മോണോക്രോട്ടോ ഫോസ്
9. ഡൈയാസിനോൺ
10. ഫെൻതയോൺ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 115 — 25-06-09ൽ മറുപടിക്ക്

## കാലവർഷക്കെടുതികൾ നേരിടുന്നതിന് നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം.ഉമ്മർ | | ബഹു: റവന്യൂ വകുപ്പ് മന്ത്രി |
| എ) | സംസ്ഥാനത്ത് കാലവർഷക്കെടുതികൾ നേരിടുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | എ) | സംസ്ഥാനത്ത് കാലവർഷക്കെടുതികൾ ഫലപ്രദമായി നേരിടുന്നതിനും മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനുമായി 02/06/09-ൽ ബഹു: റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും സ്ഥിതിഗതികൾ വിലയിരുത്തുകയുമുണ്ടായി. പ്രസ്തുത യോഗത്തിൽ ഫിഷറീസ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്, കോസ്റ്റ് ഗാർഡ്, സി.എൽ.ആർ. സെന്റ്, ഇറിഗേഷൻ, ഇൻഡ്യൻ മെട്രോളജിക്കൽ ഡിപ്പാർട്ട്മെന്റ് , യു.എൻ.ഡി.പി., പോലീസ് തുടങ്ങിയ വകുപ്പുകളിലെ ഉയർന്ന ഉദ്യോഗസ്ഥർ സന്നിഹിതരാവുകയും സുപ്രധാനമായ തീരുമാനങ്ങൾ എടുക്കുകയും ഉണ്ടായി.<br><br>ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ അസിസ്റ്റന്റ് കമ്മീഷണർ ഹൗസിങ്ങിന്റെ നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്റ്റേറ്റ് കലാമിറ്റി കൺട്രോൾ റൂം തുറക്കുവാനും വിവിധ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് ഏത് അടിയന്തിര പ്രശ്നങ്ങളും നേരിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനമെടുത്തു. കൂടാതെ ജില്ലാ ആസ്ഥാനങ്ങളിലും താലൂക്കുകളിലും കൺട്രോൾ റൂമുകൾ തുറക്കുവാൻ തീരുമാനിച്ചു.<br><br>മത്സ്യതൊഴിലാളികൾക്ക് ആവശ്യമായ മുന്നറിയിപ്പ് നൽകുവാൻ തീരദേശങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ഫിഷറീസ് വകുപ്പിന്റെ കീഴിൽ തുറന്നിട്ടുണ്ട്. ആവശ്യസന്ദർഭങ്ങളിൽ മത്സ്യബന്ധനത്തിനുപോയി കാണാതായവരെ കണ്ടെത്തുന്നതിനുവേണ്ടി നേവി, കോസ്റ്റ് ഗാർഡ്, മറൈൻ എൻഫോഴ്സ്മെന്റ്, എന്നിവരുടെ സേവനം ലഭ്യമാക്കുവാനും നേവിയുടെ പക്കൽ നിന്നും ഹെലിക്കോപ്റ്റർ സേവനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയുമുണ്ടായി.<br><br>കടൽക്ഷോഭവും ചുഴലിക്കാറ്റും കൂടുതലായി അനുഭവപ്പെടുന്ന തെക്കൻ ജില്ലകളിൽ തിരച്ചിൽ |

| | | | |
|---|---|---|---|
| | | | നടത്തുന്നതിനുവേണ്ടി കോസ്റ്റ് ഗാർഡ് വിഴിഞ്ഞത്തിന്റെ പക്കൽ ഒരു സ്പീഡ് ബോട്ട് മാത്രമുള്ളതിനാൽ കൂടുതൽ മെച്ചപ്പെട്ട സേവനത്തിനായി കൊച്ചിയിലെ ഇൻഡ്യൻ നേവി ആസ്ഥാനത്തു നിന്നും ആധുനിക സൗകര്യങ്ങളോടുകൂടിയ ബോട്ട് അടിയന്തിര ഘട്ടങ്ങളിൽ ലഭ്യമാക്കാൻ തീരുമാനം എടുക്കുകയും ഇതിനായി എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയുമുണ്ടായി.<br><br>മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, കടൽക്ഷോഭം എന്നിവ ഫലപ്രദമായി നേരിടുന്നതിനും രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനുമായി കേന്ദ്ര ദുരന്ത പ്രതികരണ സേനയുടെ (എൻ.ഡി.ആർ.എഫ്) സേവനം ലഭ്യമാക്കുവാനും തീരുമാനമെടുത്തു ഇതിലേയ്ക്കായി ബഹു റവന്യൂ വകുപ്പ് മന്ത്രി കേന്ദ്ര ആഭ്യന്തര മന്ത്രിക്ക് കത്ത് എഴുതിയിട്ടുണ്ട്. ഇവരെ ഇടുക്കി, എറണാകുളം, കോഴിക്കോട് എന്നീ 3 ജില്ലകളിലേയ്ക്ക് കേന്ദ്രീകരിച്ച് നിർത്താനും വേണ്ടിവന്നാൽ മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുവാനും തീരുമാനമെടുത്തു. അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിനായി കേരള സർക്കാർ ആവശ്യപ്പെട്ടാലുടൻ അയക്കുവാൻ എൻ.ഡി. ആർ.എഫ്-ന്റെ രണ്ട് സേനാസംഘങ്ങളെ തയ്യാറാക്കി നിർത്തിയിട്ടുണ്ടെന്ന് ആർക്കോണത്തെ എൻ.ഡി. ആർ.എഫ് കമാണ്ടന്റ് സർക്കാരിനെ അറിയിച്ചിട്ടുണ്ട്.<br><br>പ്രകൃതിദുരന്തങ്ങൾ ഏറ്റവും വേഗത്തിലും സമഗ്രവുമായി നടത്തുന്നതിനു വേണ്ടി പൊതു ജനങ്ങളുടെ അറിവിലേയ്ക്കായി ഒരു ഡിസാസ്റ്റർ മാനേജ്മെന്റ് ഡയറക്ടറി സർക്കാർ പുറത്തിറക്കിയിട്ടുണ്ട്, കൂടാതെ ഈ ഡയറക്ടറി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാന ദുരന്ത നിവാരണ കൺട്രോൾ റൂമിൽ 1070 എന്ന ടോൾ ഫ്രീ നമ്പറിലും ജില്ലാ ആസ്ഥാനങ്ങളിൽ 1077 എന്ന ടോൾ ഫ്രീ നമ്പറിലും പൊതുജനങ്ങൾക്ക് ബന്ധപ്പെടാവുന്നതാണ്. കാലാവസ്ഥാ മുന്നറിയിപ്പ് അറിയുന്നതിന് ഇൻഡ്യൻ മെട്രോളജിക്കൽ ഡിപ്പാർട്ട്മെന്റിൽ 18001801717 എന്ന ടോൾ ഫ്രീ നമ്പറിലും പൊതു ജനങ്ങൾക്ക് ബന്ധപ്പെടാവുന്നതാണ്. |
| ബി) | ഈ വർഷം കാലവർഷാരംഭത്തിൽ ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ കണക്കെടുത്തിട്ടുണ്ടോ; | | കണക്കെടുത്തിട്ടുണ്ട്. ഈ വർഷം തെക്കു പടിഞ്ഞാറൻ കാലവർഷം മൂലം 22/06/09 വരെ മൊത്തം 23 ആളുകൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. 986.83 ഹെക്ടർ സ്ഥലത്തെ കൃഷി നശിക്കുകയും ഉദ്ദേശം 953.24 ലക്ഷം രൂപയുടെ നാശനഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. 131 വീടുകൾ പൂർണ്ണമായും 2491 വീടുകൾ ഭാഗികമായും നശിച്ചിട്ടുണ്ട്. മൊത്തം 11 കോടി 78 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപയുടെ നാശനഷ്ടം എല്ലാ ഇനങ്ങളിലുമായി കണക്കാക്കിയിട്ടുണ്ട്. |
| സി) | നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ ? | സി) | നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 02/08/07-ലെ സ.ഉ.(എം.എസ്) നമ്പർ 284/07/ഡി.എം.ഡി, 16/02/09—-ലെ സ.ഉ. (എം.എസ്) നമ്പർ 89/09/ഡി.എം.ഡി എന്നീ ഉത്തരവുകളിലെ മാനദണ്ഡപ്രകാരം കാലവർഷക്കെടുതിക്ക് ഇരയായവർക്ക് സഹായധനം വിതരണം ചെയ്യുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 4.6 കോടി രൂപ വിവിധ ഹെഡുകളിലായി 28/05/09 ലെ സ.ഉ.(ആർ.റ്റി) നമ്പർ 1575/09/ഡി.എം.ഡി പ്രകാരം അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം സി.ആർ.എഫിൽ സംസ്ഥാനത്തിനു ലഭിക്കേണ്ട കേന്ദ്രവിഹിതം എത്രയും പെട്ടെന്ന് അനുവദിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 116 — 25-06-2009- ൽ മറുപടിയ്ക്ക്

## കുട്ടനാട് പാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം.ആരിഫ് :<br>ശ്രീ.സി.കെ.സദാശിവൻ :<br>ശ്രീ.വി.എൻ.വാസവൻ : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിനായി ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് റിപ്പോർട്ടിൽ ശുപാർശ ചെയ്യിരുന്ന പ്രകാരം ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായി കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിൽ, ചീഫ് സെക്രട്ടറി ചെയർമാനായി കോ-ഓർഡിനേഷൻ കമ്മിറ്റി, കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായി ടാസ്ക് ഇംപ്ലിമെന്റേഷൻ കമ്മിറ്റി എന്നീ സമിതികൾ രൂപവൽക്കരിച്ചിട്ടുണ്ട്. പാക്കേജ് നടത്തിപ്പിലേയ്ക്ക് നയപരമായ തീരുമാനങ്ങൾ നടപ്പിലാക്കലും പദ്ധതി നടപ്പിലാക്കുന്ന വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനവും ഈ സമിതികൾക്കാണ്. പദ്ധതി നടപ്പാക്കലിന് മേൽനോട്ടം വഹിക്കാൻ ഒരു പ്രോജക്ട് ഓഫീസറെ നിയമിച്ചിട്ടുണ്ട്. സർക്കാർ തലത്തിൽ പദ്ധതിയുടെ ഏകോപനത്തിനായി പ്രത്യേകമായ ഒരു സെല്ലും രൂപവൽക്കരിച്ചിട്ടുണ്ട്. പദ്ധതിയിൽ ശുപാർശ ചെയ്യിരിക്കുന്ന പ്രവൃത്തികളിൽ 50 ലക്ഷത്തിനു മുകളിൽ ചിലവ് കണക്കാക്കപ്പെടുന്ന പദ്ധതികളെ സംബന്ധിച്ച് ആകെ 473 കോടി രൂപയുടെ പദ്ധതികൾ ഇതിനോടകം ധനസഹായം ലഭ്യമാക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്ന നടപടി ത്വരിതഗതിയിലാണ്. 50 ലക്ഷം രൂപയ്ക്ക് താഴെ ചിലവ് വരുന്ന ആകെ 4.65 കോടി രൂപയുടെ പദ്ധതികൾ വിവിധ സംസ്ഥാന പദ്ധതികളിൽപ്പെടുത്തി ഒരു പാക്കേജായി |

നടപ്പാക്കുവാൻ ബന്ധപ്പെട്ട സംസ്ഥാന സർക്കാർ വകുപ്പുകൾക്ക് അനുമതി നൽകികൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽവേ എന്നിവയുമായി ബന്ധപ്പെട്ട പഠനം IIT Chennai, CWRDM എന്നീഏജൻസികളെ ഏൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട് MOU ഒപ്പിട്ട് കഴിഞ്ഞു. വരുന്ന യൂണിയൻ ബഡ്ജറ്റിൽ 500 കോടിയുടെ ഒരു സ്പെഷ്യൽ ഗ്രാൻറ് ഇതിനായി അനുവദിക്കണമെന്ന് ബഹു.മുഖ്യമന്ത്രിയുടെ കത്തിലൂടെ സംസ്ഥാനം ബഹു.പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ റിപ്പോർട്ടുകൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| സി) | ഇവയ്ക്ക് കേന്ദ്ര സർക്കാരിൻെറ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; | (സി) | ആകെ 473 കോടി രൂപ ചിലവ് കണക്കാക്കുന്ന പദ്ധതികളിന്മേലുള്ള പ്രോജക്ട് റിപ്പോർട്ടുകൾ ഇതിനകം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പക്ഷെ ഇവയിൽ ഒന്നിനും തന്നെ ഇതുവരെ അംഗീകാരം ലഭ്യമായിട്ടില്ല. |
| ഡി) | പാക്കേജ് സുഗമമായി നടപ്പാക്കുന്നതിനും വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനുമായി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; | ഡി) | പാക്കേജിൻെറ സുഗമമായ നടത്തിപ്പിനും വിവിധ വകുപ്പുകളുടെ ഏകീകരണത്തിനുമായി ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ കുട്ടനാട് പ്രോജക്ട് ഓഫീസറായി നിയമിച്ചിട്ടുണ്ട്. |
| ഇ) | സംസ്ഥാന സർക്കാർ നടപ്പാക്കേണ്ട ഏതെല്ലാം പദ്ധതികൾ ഇതിനകം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഇ ) | കുട്ടനാട് പാക്കേജിൽ 50 ലക്ഷം രൂപവരെ ചിലവ് കണക്കാക്കുന്നതും സംസ്ഥാന സർക്കാർ നടപ്പിലാക്കേണ്ടതുമായ പദ്ധതികൾ സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ അനുമതി നൽകികൊണ്ട് 21.2.09ലെ ജി.ഒ.(എം.എസ്) നം. 41/09/എഡി പ്രകാരം ഉത്തരവായിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. ഈ പദ്ധതികൾ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ നടപ്പ് പദ്ധതികളിൽപ്പെടുത്തി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 117 — 25/06/2009-ൽ മറുപടിയ്ക്ക്

## അന്താരാഷ്ട്ര ജോതിശാസ്ത്ര വർഷം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:<br>ശ്രീ.സി.എം.ദിനേശ് മണി:<br>ശ്രീ.മഞ്ഞളാംകുഴി അലി:<br>ശ്രീ.വി.ശശികുമാർ: | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| എ) ഈ വർഷം അന്താരാഷ്ട്ര ജ്യോതിശാസ്ത്ര വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആവിഷ്ക്കരിക്കുന്ന പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ; | എ) ഈ വർഷം അന്താരാഷ്ട്ര ജ്യോതിശാസ്ത്ര വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും സ്കൂൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമായി ശാസ്ത്ര ക്ലാസ്സുകൾ, പ്രദർശനങ്ങൾ, പരീക്ഷണങ്ങൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം & പ്രിയദർശിനി പ്ലാനറ്റോറിയത്തിന്റെ സഹകരണത്തോടെ ''മൊബൈൽ എക്സിബിഷൻ യൂണിറ്റ് '' സംസ്ഥാനത്തെ സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സയൻസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം വിക്രം സാരാഭായ് സ്പേയ്സ് സെന്റർ സന്ദർശിക്കുന്നതിനുള്ള അവസരം ഒരുക്കുന്നതാണ്. സ്കൂളുകളിലെ ലാബ്, ലൈബ്രറി ഇവയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ജ്യോതിശാസ്ത്രവുമായി ബന്ധപ്പെട്ട പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കായി സ്കൂളുകളിൽ ഒബ്സർവേറ്ററികളും മറ്റ് ഉപകരണങ്ങളും സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | ബി) | ഉണ്ട്. എല്ലാ യു.പി.സ്കൂളുകളിലും ഹൈസ്കൂളുകളിലും മിനി ഒബ്സർവേറ്ററികൾ, ടെലസ്കോപ്പ്, പകൽസമയ ജ്യോതിശാസ്ത്ര പരീക്ഷണത്തിനുള്ള ആസ്ട്രോ കിറ്റുകൾ, ഫോട്ടോ ഗാലറിയ്ക്കു വേണ്ടുന്ന ചിത്രങ്ങൾ എന്നിവ നൽകും. കൂടാതെ കേരളത്തിലെ 152 ബി.ആർ.സി.കൾ, 7 യു.ആർ.സികൾ എന്നിവയുടെ പരിധിയിൽ വരുന്ന ഒന്നുവീതം സ്കൂളിൽ (159 സ്കൂളുകളിൽ) ഒബ്സർവേറ്ററികൾ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. 10 മടങ്ങ് മാഗ്നിഫിക്കേഷനുള്ള റിഫ്ളക്റ്റീവ് ടെലസ്കോപ്പ്, എൽ.സി.ഡി.പ്രൊജക്ടർ, സ്കൈ ചാർട്ടുകൾ, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ ഒബ്സർവേറ്ററികളിൽ ഉണ്ടാകും. പൊതുജനങ്ങൾക്കും ആകാശനിരീക്ഷണത്തിന് അവസരം ലഭിക്കും. |
| സി) | കുട്ടികളിൽ ശാസ്ത്ര ബോധം മെച്ചപ്പെടുത്തുന്നതിനായി വിവിധ സയൻസ് ക്ലബ്ബുകളുടെ പ്രവർത്തനം ഊർജ്ജിത പ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | സി) | ഗലീലിയോ ലിറ്റിൽ സയന്റിസ്റ്റിന്റെ ഭാഗമായി നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 118

25-6-2009- ൽ മറുപടിയ്ക്ക്

## സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ:<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ രാജാജി മാത്യുതോമസ്<br>ശ്രീ.ബാബുപോൾ:<br>ശ്രീ.പി.തിലോത്തമൻ | | ശ്രീ. എം.എ. ബേബി<br>(ബഹു. വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) | |
| (എ) | സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഫിനിഷിംഗ് സ്കൂൾ പരിശീലനം നൽകുന്നതിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ ലക്ഷ്യം എന്താണെന്ന് വിശദമാക്കുമോ; | (ബി) | ഉണ്ട്. തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കാനും, പഠിച്ച കോഴ്സുകളുടെ നവീന ആശയങ്ങൾ മനസ്സിലാക്കാനും, പ്രവർത്തി പരിചയം നേടിക്കൊടുക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. |
| (സി) | സംസ്ഥാനത്തെ എത്ര പോളിടെക്നിക്കുകളിൽ ഫിനിഷിംഗ് സ്കൂൾ ആദ്യഘട്ടമായി ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ; | (സി) | 17 (പതിനേഴ്) പോളിടെക്നിക്കുകളിൽ |
| (ഡി) | എഞ്ചിനീയറിംഗ് കോളേജുകളിലെ ക്ലാസ് മുറികൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കോളേജുകളിൽ എത്ര മുറികൾ വീതം ഡിജിറ്റലൈസ് ചെയ്യുമെന്ന് വ്യക്തമാക്കാമോ; | (ഡി) | ഉണ്ട്. 9 (ഒൻപത്) എഞ്ചിനീയറിംഗ് കോളേജുകളിലായി 100 ക്ലാസ്മുറികൾ ഡിജിറ്റലൈസ് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>1. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം - 28<br>2. ഗവ.എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ - 18<br>3. ഗവ.എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ - 12<br>4. ഗവ.എഞ്ചിനീയറിംഗ് കോളേജ്,കോട്ടയം - 12<br>5. ഗവ.എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൺഹിൽ - 6<br>6. ഗവ.എഞ്ചിനീയറിംഗ് കോളേജ് കോഴിക്കോട് - 6<br>7. ഗവ.എഞ്ചിനീയറിംഗ് കോളേജ് പാലക്കാട് - 6<br>8. ഗവ.എഞ്ചിനീയറിംഗ് കോളേജ്, ഇടുക്കി - 6<br>9. ഗവ.എഞ്ചിനീയറിംഗ് കോളേജ്, വയനാട് - 6 |
| (ഇ) | ഇത്തരത്തിൽ മുറികൾ ഡിജിറ്റലൈസ് ചെയ്യുന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | (ഇ) | വിദഗ്ദ്ധരായവരുടെ പ്രഭാഷണങ്ങൾ, ഇന്റർനെറ്റ് സൗകര്യങ്ങൾ എന്നിവ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നേരിട്ട് ക്ലാസ് മുറിയിൽ എത്തിച്ച് വിദ്യാർത്ഥികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുകയാണ് ലക്ഷ്യം. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 119

25.06.2009-ലെ
മറുപടിയ്ക്ക്

## പാട്ടവ്യവസ്ഥ ലംഘിച്ച് പ്രവർത്തിക്കുന്ന ക്ലബ്ബുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് എം.പുതുശ്ശേരി എം.എൽ.എ.<br>ശ്രീ.റോഷി അഗസ്റ്റിൻ എം.എൽ.എ.<br>ശ്രീ.തോമസ് ചാഴിക്കാടൻ എം.എൽ.എ. | ശ്രീ.കെ.പി.രാജേന്ദ്രൻ<br>(ബഹു: റവന്യു വകുപ്പ് മന്ത്രി) |
| എ) പാട്ടവ്യവസ്ഥയിൽ സർക്കാർ ഭൂമിയിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾ ഏതൊക്കെയാണ്; | എ) പാട്ടവ്യവസ്ഥയിലും ലൈസൻസ് വ്യവസ്ഥയിലും മറ്റു വ്യവസ്ഥകളിലും അനധികൃതമായും എല്ലാം സംസ്ഥാനത്ത് നിരവധി ക്ലബ്ബുകൾ പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്. |
| ബി) ഇപ്രകാരം പ്രവർത്തിക്കുന്ന ക്ലബ്ബുകൾ പാട്ടവ്യവസ്ഥ ലംഘിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) എങ്കിൽ പാട്ടവ്യവസ്ഥ ലംഘിച്ച് പ്രവർത്തിക്കുന്ന ക്ലബ്ബുകൾ ഏതൊക്കെയാണ്; | സി) ഏതൊക്കെ ക്ലബ്ബുകളാണ് വ്യവസ്ഥകൾ ലംഘിച്ചും അനധികൃതമായും മറ്റും പ്രവർത്തിക്കുന്നത് എന്ന് വിശദമായി സർക്കാർ പരിശോധിച്ചു വരികയാണ്. |
| ഡി) പാട്ടവ്യവസ്ഥയിൽ എപ്രകാരമുള്ള ലംഘനങ്ങളാണ് പ്രസ്തുത ക്ലബ്ബുകൾ നടത്തിയിട്ടുള്ളത്; ഇത്തരം ക്ലബ്ബുകൾക്ക് എതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ? | ഡി) സർക്കാരിന് നൽകേണ്ടതായ പാട്ടം നൽകാത്തതും, പാട്ടം പുതുക്കുന്നതിന് അപേക്ഷ യഥാസമയം സമർപ്പിക്കാത്തതുമാണ് പ്രധാനപ്പെട്ട പാട്ടവ്യവസ്ഥ ലംഘനങ്ങൾ. പാട്ടക്കരാർ പാലിക്കാത്ത ക്ലബ്ബുകൾക്കെതിരെ പാട്ടം റദ്ദു ചെയ്യുന്നതിനും, പാട്ടത്തുക അടയ്ക്കാത്ത ക്ലബ്ബുകൾക്കെതിരെ ആർ.ആർ. നടപടി പ്രകാരം നോട്ടീസുകൾ നൽകി സ്ഥാവര ജംഗമ വസ്തുക്കൾ ജപ്തി ചെയ്യുന്നതിനും, പാട്ടവസ്തുവിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ പൂട്ടി സീൽ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

(സെക്ഷൻ ഓഫീസർ)

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 120* | 25.6.2009 ൽ മറുപടിക്ക്

## പൊതുമരാമത്ത് മേഖലയിലെ വികസനപ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ദിവാകരൻ :<br>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ :<br>ശ്രീ. എ. സി. മൊയ്തീൻ :<br>ശ്രീ. ആർ. സെൽവരാജ് : | ശ്രീ. മോൻസ് ജോസഫ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് മേഖലയിൽ ഈ വർഷം എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് അറിയിക്കാമോ ; | (എ) നടപ്പു സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പൊതുമരാമത്ത് മേഖലയിൽ ഉൾപ്പെടെ **4938** കോടി രൂപയുടെ പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) എത്ര കോടി രൂപയുടെ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ; വെളിപ്പെടുത്തുമോ ; | (ബി) പദ്ധതിപ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുന്നതിനായുള്ള പ്രൊപ്പോസലുകൾ, സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) വർഷങ്ങളായി പണി പൂർത്തിയാക്കാതെ കിടക്കുന്ന പാലങ്ങളുടെ പണി പൂർത്തീകരിക്കുന്നതിന് അവ റീ ടെൻഡർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തിയാക്കുന്നതിന് മുൻഗണന നൽകുമോ ; | (ഡി) മുൻഗണന നൽകുന്നതാണ്. |
| (ഇ) പദ്ധതികൾ നടപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ ? | (ഇ) പദ്ധതികൾ പൂർത്തിയാക്കുന്ന ഘട്ടത്തിൽ ഉണ്ടാകുന്ന സാങ്കേതികമായ തടസ്സങ്ങളും ഭൂമി ഏറ്റെടുക്കുന്നതിലെ കാലതാമസവും പരിഹരിച്ച് സമയബന്ധിതമായി ഏറ്റെടുത്ത പണികൾ പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |

( അനുബന്ധം നിയമസഭ ലൈബ്രറിയിൽ ലഭ്യമാണ്)

സെക്ഷൻ ആഫീസർ